SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.08.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:16 AUGUST 2024 ANNUAL SUBSCRIPTION Rs. 100/-

## സത്യം മിനിസ്ട്രീസ് വയനാട് ദുരിതാശ്വാസ പ്രവർത്തനം






വയനാട്ടിൽ ദുരിതാശ്വാസ പ്രവർത്തനവുമായി സത്യം മിനിസ്ട്രീസ്

**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റെ ചുമതലയിൽ ദുരിതാശ്വാസവുമായി സംഘം വയനാട് ദുരിത ഭൂമിയിലെത്തി മാനന്തവാടി സഭയുടെ നിർദ്ദേശാനുസരണമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ബ്രദർ റെജി ഈട്ടിമൂട്ടിൽ, ബ്രദർ പി. കെ. ജോയി, ബ്രദർ പി. എം. ടോമി, ബ്രദർ വി. ജെ തോമസ് എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

വയനാട് മുണ്ടെക്കൈ മേഖലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരിച്ചവരുടെ എണ്ണം 400 കവിഞ്ഞു. പരിക്കേറ്റവരും കാണാതായവരും അനേകരാണ്. മണ്ണും, വീടും, ഉറ്റവരും നഷ്ടപ്പെട്ടവർ വലിയ ദുരിതത്തിലാണ് ഇപ്പോൾ ക്യാമ്പിൽ കഴിയുന്നത്.

ഗുജറാത്ത് ഭൂകമ്പം, സുനാമി, ആന്ധ്ര, ഹിമാചൽ ചുഴലിക്കാറ്റ്, കേരളത്തിലെ വെള്ളപ്പൊക്കം, കോവിഡ്-19 തുടങ്ങിയ ദുരിത സമയത്ത് അഭയാർത്ഥി ക്യാമ്പുകളിലൂടെ വേണ്ട സഹായങ്ങൾ സത്യം മിനിസ്ട്രീസ് എത്തിച്ചു നൽകിയിരുന്നു.

വസ്ത്രങ്ങളും ഭക്ഷണവും മരുന്നുമടങ്ങുന്ന അവശ്യസാധനങ്ങളുമായി സത്യം മിനിസ്ട്രീസിന്റെ റിലീഫ് ടീം ദുരന്തഭൂമിയിൽ പ്രവർത്തനങ്ങൾ തുടരുകയാണ്. ഇത് വരെയുള്ള സത്യം മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങൾക്ക് താങ്ങായി നിന്ന എല്ലാവർക്കും നന്ദി. തുടർന്നും പ്രാർത്ഥിക്കുക, സഹകരിക്കുക.
ഡോ. സി.വി.വടവന **9742933000**

## ഹൂസ്റ്റണിൽ സത്യം മിനിസ്ട്രീസിന്റെ പുതിയ ഓഫീസ്

**ഹൂസ്റ്റൺ:** 36 വർഷക്കാലമായി ആതുരസേവന രംഗത്ത് പ്രവർത്തിച്ചുവരുന്ന സത്യം മിനിസ്ട്രീസിന്റെ പുതിയ ഓഫീസ് ഹൂസ്റ്റണിൽ ആരംഭിച്ചു. തിരുവല്ല തോട്ടഭാഗം ആസ്ഥാന കേന്ദ്രമായ സത്യം മിനിസ്ട്രീസ് വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഓർഫണേജ്, ഡിസബലിറ്റി സ്കൂളുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ പ്രവർത്തനമേഖലകളിൽ സജീവ സാന്നിധ്യമാണ്. സന്നദ്ധ പ്രവർത്തനങ്ങൾക്കായി അമേരിക്കൻ മലയാളികൾ ക്ക് ഹൂസ്റ്റണിലെ സത്യം മിനിസ്ട്രീസ് ഓഫീസുമായി ഇനി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:diretor@sathyamministry.org

ഇതുവരെ സത്യം മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങായി നിന്ന ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു.

## താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?

എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.
സത്യം പബ്ലിക്കേഷൻസ് Mob: 9447126182




## വൈ എം ഇ എഫ് യൂത്ത് ക്യാമ്പ്

**കട്ടപ്പന:** യുവാക്കന്മാരുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കി രണ്ട് വർഷത്തിലൊരിക്കൽ നടത്തിവരാറുള്ള യൂത്ത് ക്യാമ്പ് ഈ വർഷവും ഓണാവധിക്കാലത്ത് ഇടുക്കി-കട്ടപ്പനയ്ക്കടുത്ത് സ്വരാജ് സിയോൺ പബ്ലിക് സ്കൂളിൽ വച്ച് നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ച് പ്രവർത്തിച്ചുവരുന്നു. സെപ്റ്റംബർ 15 ഞായർ വൈകിട്ട് മുതൽ 18 ബുധൻ ഉച്ചവരെയാണ് ക്യാമ്പ് നടക്കുന്നത്. 35 വയസ്സിൽ താഴെയുള്ള യുവ സഹോദരന്മാർക്കാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അവസരം ഉള്ളത്. യുവ സഹോദരൻമാർക്ക് വളരെ പ്രയോജനപ്പെടത്തക്ക വിധത്തിലാണ് ഇപ്രാവശ്യം ക്യാമ്പ് ക്രമീകരിക്കുന്നത്. കഴിഞ്ഞകാലങ്ങളിൽ നടത്തിയിട്ടുള്ള ക്യാമ്പുകളേക്കാൾ കൂടുതൽ യുവാക്കന്മാരുടെ വ്യക്തിജീവിതങ്ങൾക്ക് കൂടുതൽ അനുഗ്രഹകമാകത്തക്കവിധത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കുകയും അതിനനുസരിച്ച് പ്രഗത്ഭരായ ലീഡേഴ്സിനേയും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ അനുഗ്രഹീതരായ മറ്റ് ലീഡേഴ്സും പങ്കെടുക്കുന്നതാണ്. “വ്യത്യസ്തരായിരിക്കാൻ ധൈര്യം കാണിക്കുക Dare to be different”എന്നതാണ് ക്യാമ്പ് തീം.

പ്രധാന ലീഡേഴ്സ് ആയി സഹോദരന്മാരായ ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ തോംസൺ ബിതോമസ്, ബ്രദർ സുഭാഷ് തങ്കച്ചൻ, ബ്രദർ പ്രമോദ് തോമസ്, ബ്രദർ ബിനു സാമുവേൽ, ബ്രദർ ജി. ധർമ്മരാജ്, ബ്രദർ ബെൻ തോമസ്, ബ്രദർ ഷൈൻ പി. അസി (വെസ്റ്റ് ബംഗാൾ) ബ്രദർ ഗർഷോം (കർണ്ണാടക) എന്നിവരാണ്.

മുന്നൂറോളം പേർ പങ്കെടുക്കുന്ന ഈ ക്യാമ്പിന് ഏകദേശം 4.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും കൊണ്ട് മാത്രമാണ് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ വൈ. എം. ഇ. എഫ്. നുവേണ്ടി എടുത്തിരിക്കുന്ന താഴെ കാണുന്ന ജോയിന്റ് അക്കൗണ്ടിൽ പണം അയയ്ക്കുന്നവർ ജനറൽ സെക്രട്ടറിയെ ഫോണിലോ, വാട്ട്സ് ആപ്പിലോ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

Account Details
Bank: Federal Bank, Pulamon, Kottarakkara
A/c No. : 10360200013825
A/cName:JacobP. Mathew/ K.V. Jose
IFSC No: FDRL0001036
Address: (General Secretary)
Jacob P. Mathew, EbenezerHouse Kadalvila, Thrikkannamangal, Kottarakkara P.O., Kollam-691506,
Ph: 9847000691
Email:jacpmathew@gmail.com

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി.വി. വടവന
(ചീഫ് എഡിറ്റർ)
ഇ.എസ്. റെജി
(സബ് എഡിറ്റർ)
ഐസക്ക് സി. വടവന
(മാനേജിംഗ് എഡിറ്റേഴ്സ്)
ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ)

പത്രാധിപ സമിതി

എ.വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി എഴുമറ്റൂർ
എൽസി ബേബി

ജീവവചനം

ഏറ്റവും പ്രചാരമുള്ള
ബ്രദറൺ വാർത്താ മാസിക
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

വിലാസം

ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689541
ഫോൺ: 9447126182

USA
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

AUSTRALIA
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

UAE
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# ക്ഷമ ശീലമാക്കാം

ബ്രദർ സി.വി. വടവന



**ക്ഷമ** വളരെ കയ്പേറിയതാണ്. എന്നാൽ ആ കയ്പ് നുകരുവാൻ കഴിഞ്ഞാൽ മാധുര്യം തീർച്ച. എല്ലാ പുണ്യങ്ങളുടെയും മാതാവാണ് ക്ഷമ എന്ന് തോമസ് അക്കെംപീസ് പ്രകീർത്തിച്ചിട്ടുണ്ട്. നമ്മുടെ കർത്താവ് സ്വജീവിതം വഴി ഈ പുണ്യത്തിന്റെ മണിമകുടമായി പ്രശോഭിച്ചിട്ടുണ്ട്. അവിടുന്ന് ഇങ്ങനെ അരുൾ ചെയ്തു:

നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും.

ഇന്നത്തെ സഭാ സമൂഹ കുടുംബ മണ്ഡലങ്ങളിൽ ക്ഷമാശീലം ഏറ്റവും ആവശ്യമെന്ന് വളരെ സ്പഷ്ടമായി പറയാവുന്നതാണ്.

ക്ഷമയ്ക്കു വളരെ വില കൊടുക്കേണ്ടതായിവരും. സ്വയം ചിന്ത ഹോമിക്കപ്പെടും. കെട്ടിയുയർത്തിയ ഇമേജ് കൊട്ടാരം തട്ടിത്തെറിപ്പിക്കുമ്പോഴും കൈകൂപ്പി സ്വാഗതം ചെയ്യാൻ നാം സന്നദ്ധരായിരിക്കണം. ഏറ്റം വലിയ കഠോര വേദനകൊണ്ടു പുളയുമ്പോഴും തന്നെ ഉപദ്രവിക്കുന്നവരോടു ക്ഷമിക്കേണമേ എന്നു പ്രാർത്ഥിച്ച ഗുരുവിന്റെ ശിഷ്യരാണ് നാം. അതാണ് നമുക്കു മാതൃക.

പതിനായിരം താലന്തു വെള്ളിക്കാശു ക്ഷമിച്ചു കിട്ടിയവൻ നൂറു വെള്ളിക്കാശു തരാനുള്ളവന്റെ പിടലിക്കു പിടിക്കുന്ന സമൂഹത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. കൂട്ടുദാസന്റെ പിടലിക്കു പിടിക്കാൻ ഒരു സുഖമുണ്ടല്ലോ! ഈ സുഖം പരിത്യജിക്കാൻ തയ്യാറായാൽ നമ്മുടെ സമൂഹത്തിൽ നടക്കുന്ന പല പ്രവർത്തനങ്ങളും 100% വിളവ് കൊയ്യാൻ ഇടവരും.

പക്ഷെ പിടലിക്കു ഞെക്കു വീഴുന്നതിനു മുമ്പേ ദണ്ഡനമേല്പിക്കുന്ന മുതലാളിയുടെ തൊഴിലാളി സേനയിലാണ് നാം എന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. പരസ്പരം പിടലിക്കു പിടിക്കുന്നതു നിർത്തി, കൈകോർത്തു പ്രോത്സാഹിപ്പിക്കാൻ നാം തയ്യാറാകണം.

ശത്രു വിതച്ച കള പറിക്കാൻ അനുവാദം ചോദിക്കുന്ന ദാസന്മാരോട് കള കൊയ്ത്തോളം വളരട്ടെ എന്നു പറഞ്ഞ കർഷകന്റെ ക്ഷമാശീലവും (മത്തായി 13:24-30) ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

എല്ലാവരും ക്ഷമയെന്ന ഗുണത്തെ പുകഴ്ത്തുന്നു. പക്ഷേ അപൂർവ്വം ചിലരേ അത് പാലിക്കാൻ ഇഷ്ടപ്പെടുന്നുള്ളു. എന്ന ജീൻജാക്സ് റൂസ്സോയുടെ ചിന്തയും അന്വർത്ഥമാണ്.

സാക്ഷാൽ ആത്മീയരുടെ ഇടയിൽ പോലും ഈ പുണ്യത്തിന് അർഹിക്കുന്ന സ്ഥാനം കൊടുത്തിട്ടില്ല. ക്ഷമ ചോദിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ക്ഷമിക്കുന്നവർ തുലോം തുച്ഛം. മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയണമെങ്കിൽ നാം സ്വയം നമ്മെത്തന്നെ അറിയണം. ക്ഷമ നാം സ്വയം പരിശീലിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു: പ്രിയമുള്ളവരേ, നമുക്ക് സ്വയം അറിഞ്ഞ് നമ്മെത്തന്നെ വിനയപ്പെടുത്തി ക്ഷമ ശീലിക്കാം.

**- ചീഫ് എഡിറ്റർ**

ലേഖനം

ഐസക് സാമുവേൽ

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



**സ്വയം ക്ഷമിക്കുക**

നിങ്ങൾ ക്ഷമ കൊടുക്കാത്ത ആദ്യത്തെ വ്യക്തി മിക്കവാറും നിങ്ങൾ തന്നെയായിരിക്കും. മറ്റുള്ളവരോട് ക്ഷമിക്കാത്തതിൽ കൂടുതൽ ആളുകൾ സ്വയം ക്ഷമിക്കാത്തവരാണ്. അവർ സ്വയം ക്ഷമിക്കുവാൻ മനസുള്ളവരല്ല. ദൈവം പറയുന്നത് ശ്രദ്ധിക്കുക. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു. സങ്കീ.103:12 നിങ്ങൾ ഒരു വിശ്വാസിയാണെങ്കിൽ പാപപ്രവൃത്തികളിൽ നിന്നും ദൈവം നിങ്ങളെ ഇപ്പോൾ തന്നെ കഴുകി ശുദ്ധീകരിച്ചിരിക്കുന്നതുകൊണ്ട് ജീവനുള്ള ദൈവത്തെ സേവിക്കാം. ഭൂതകാലത്തിലെ പാപഭാരത്തിൽ ഇരിക്കുവാനല്ല ദൈവീക ശുശ്രൂഷയിൽ വിളങ്ങി വരുവാനാണ് ദൈവം നമ്മെ രക്ഷിച്ചത്. പഴയതെല്ലാം മരിച്ചുപോയി, അടക്കപ്പെട്ടു. പാപക്ഷമ ലഭിച്ചിക്കുന്നു.

ക്ഷമ ലഭിക്കുവാൻ ക്ഷമിക്കുക. ക്ഷമ കൊടുക്കുന്ന ആദ്യ വ്യക്തി നിങ്ങളാണെങ്കിൽ ദൈവമുമ്പാകെ പറയുക. ദൈവമേ , ഞാൻ എന്നോട് ക്ഷമിച്ചിരിക്കുന്നു. ഞാൻ എന്തൊക്കെ ചെയ്തിട്ടുണ്ടെങ്കിലും ഞാൻ അങ്ങയുടെ ക്ഷമ സ്വീകരികരിച്ചിരിക്കുന്നു. ഇത് വളരെ ലളിതമായ വാചകമാണെങ്കിലും വളരെ സങ്കീർണ്ണമാണ്. നാം ന്യായവിധിയുടെ കീഴിലാണെന്ന് തോന്നുന്നിടത്തോളം അവന്റെ ക്ഷമ കാണുവാനുള്ള വിശ്വാസം ഉണ്ടാകില്ല.

ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗൽഭ്യം ഉണ്ട്. 1 യോഹ 3:21 ക്ഷമ പ്രാപിക്കാത്ത പാപത്തിൽ തുടരുവാൻ അനുവാദമില്ല. ദൈവത്തിനെതിരായ പാപത്തിന്റെ മുന്നിൽ നിന്നും വിമുക്തരാകേണ്ടതുണ്ട്. നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. 1 യോഹ 1:7

**ദൈവത്തെ കുറ്റം പറയുന്നുവോ?**

നമുക്ക് കൈപ്പുണ്ടെങ്കിൽ ക്ഷമിക്കേണ്ട രണ്ടാമത്തെ വ്യക്തി ദൈവം തന്നെയാണ്. കുഞ്ഞ് മരിച്ചതിന്, ഭർത്താവ് ഓടിപ്പോയതിന്, രോഗിയായി തീർന്നതിന്, ആവശ്യത്തിനു പണം ഇല്ലാത്തതിന്..... എല്ലാറ്റിനും ദൈവത്തെ കുറ്റപ്പെടുത്തുന്ന ആളുകൾ ഉണ്ട്. മനഃപൂർവ്വമായോ അല്ലാതെയോ ചിന്തിക്കുന്നത് ഇതെല്ലാം ദൈവത്തിന്റെ കുറ്റം ആണ്. അഗാതമായ നീരസവും വെച്ചുകൊണ്ട് ദൈവത്തിൽ നിന്ന് നിങ്ങൾക്ക് അത്ഭുതങ്ങൾ അനുഭവിക്കാൻ കഴിയില്ല. ദൈവത്തോടുള്ള ഏതു കൈപ്പും നിങ്ങൾ ഒഴിവാക്കണം. അതിനു കുറച്ച് ആത്മാന്വേഷണം വേണ്ടി വന്നേക്കാം. എന്റെ സാഹചര്യങ്ങൾ നിമിത്തം ഞാൻ ദൈവത്തെ പഴിക്കുന്നുവോ എന്ന് നിങ്ങൾ നിങ്ങളോട് തന്നെ ചോദിക്കണം.

**ഭവനത്തിൽ ക്ഷമിക്കുക**

മൂന്നാമതായി നിങ്ങൾ ക്ഷമ നല്കേണ്ട വ്യക്തി നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളോടാണ്. ഒരു സ്ത്രീയോട് സംസാരിച്ചപ്പോൾ ചോദിച്ചു. നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും നീരസം ഉണ്ടോ എന്ന്. അവൾ പറഞ്ഞു ഇല്ല. ഞാൻ വീണ്ടും ചോദിച്ചു. നിങ്ങളുടെ ഭർത്താവിനോട്? ഓ ശരിയാണ്. എന്റെ ഭർത്താവിനോട് എനിക്ക് നീരസമുണ്ട്. എന്നാൽ അദ്ദേഹം അത് കാര്യമാക്കുന്നില്ല.

നിരസത്തിൽ നിന്നും മുക്തി നേടണം. പ്രത്യേകിച്ച് നിങ്ങളുടെ ഏറ്റവും അടുത്തവരോട്. ഭർത്താക്കന്മാർ, ഭാര്യമാർ, കുട്ടികൾ, മാതാപിതാക്കൾ, കുടുംബത്തിൽ ചെറിയ അമർഷങ്ങൾ ഉണ്ടാകുമ്പോൾ എല്ലാവരും അന്യോന്യം ക്ഷമിക്കണം. അനേകരും പറയുന്നത് ഓ, അത് കണക്കാക്കുമെന്ന് ഞാൻ ചിന്തിക്കുന്നില്ല. അത് ഒരു കുടുംബവിഷയമാണെന്ന് ഞാൻ ചിന്തിക്കുന്നു. എല്ലാ കുടുംബാംഗങ്ങളോടും ക്ഷമിക്കപ്പെടാത്ത സ്വഭാവം ഇല്ലാതാക്കേണ്ടതുണ്ട്.

**വേദനിപ്പിക്കുന്നവരോടും ക്ഷമിക്കുക**

നിങ്ങൾക്ക് എതിരായി എന്തെങ്കിലും ചെയ്തിട്ടുള്ളവരോട് നിങ്ങൾ ക്ഷമിക്കുക. നിങ്ങളുടെ നീരസത്തെ ന്യായികരിക്കുവാൻ സാദ്ധ്യത ഉണ്ടെങ്കിൽ പോലും. അതികഠിനമായ ദോഷം ചെയ്തവരോട് പോലും ക്ഷമിക്കുക. ആ വ്യക്തിയെ ദ്വേഷിക്കുവാനുള്ള എല്ലാവിധ നിയമപരമായ സാധ്യതകളും ഉണ്ടെങ്കിലും ക്ഷമിക്കുക, ജീവിതത്തിൽ അത്ഭുതം സംഭവിക്കുവാൻ നിങ്ങൾ അന്ധമായി ക്ഷമിക്കുക.

**ക്ഷമ ശുദ്ധീകരിക്കും**

മറ്റൊരാളോട് ക്ഷമിച്ചു എന്നു വരുമ്പോൾ നിങ്ങളിൽ ഒരു ശുദ്ധീകരണം അനുഭവപ്പെടും. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ഒരു മനോബോധത്തിൽ എത്തിച്ചേരും. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ ക്ഷമ കൊടുക്കാത്തതിനാൽ ദൈവത്തിനു നിങ്ങളോടും ക്ഷമിക്കുവാൻ കഴികയില്ല. ദൈവമുമായുള്ള വ്യക്തി ബന്ധമാണ് അത്ഭുതങ്ങളെ സൃഷ്ടിക്കുന്നത്. പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിലൂടെ ആ ബന്ധം വളരെ ശക്തമായി പണിതുയർത്തപ്പെടാം.

# സങ്കീർത്തനങ്ങൾ–77

ഡോ.സി.വി.വടവന

## ഭാഷ്യം (തുടർച്ച)

**പശ്ചാത്തലം.** ആസാഫിന്റെ ഈ സങ്കീർത്തനം യെദൂഥൂന്യ രാഗത്തിൽ രചിച്ചിട്ടുള്ളതാണെന്ന് ഇതിന്റെ തലക്കെട്ടിൽ പറഞ്ഞിരിക്കുന്നു. ദാവീദിന്റെ രചനയായ 39, 62 സങ്കീർത്തനങ്ങളും ഇതേ രാഗത്തിലാണ്. യെദൂഥൂൻ എന്നാൽ സ്തോത്രം നൽകുന്നവൻ എന്നാണർത്ഥം. യെദൂഥൂൻ ആസാഫിനെപ്പോലെ തന്നെ ആലയത്തിലെ ഒരു സംഗീതജ്ഞൻ ആയിരുന്നു. ആസാഫിന്റെ സങ്കീർത്തനമാണ് ഇതെന്ന് തലക്കെട്ടിൽ കാണുന്നു. എന്നാൽ എഴുതിയ സാഹചര്യം വ്യക്തമല്ല. സങ്കീർത്തന കർത്താവ് വ്യക്തിപരമായ വലിയ മനഃക്ലേശത്തിൽ കൂടെ കടന്നുപോയപ്പോൾ ഇതെഴുതി എന്ന് ന്യായമായി ചിന്തിക്കാം. 73-ാം സങ്കീർത്തനത്തിലെയും ഹബക്കുക്കിന്റെ പ്രവചനത്തിലെയും പല കാര്യങ്ങളുമായും ഈ സങ്കീർത്തനത്തിന് സാമ്യം ഉണ്ട്.

ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചു കളഞ്ഞോ എന്ന വിചാരത്താൽ വ്യാകുലപ്പെടുന്ന ഒരു ദേശഭക്തന്റെ പ്രാർത്ഥനയാണ് ഈ സങ്കീർത്തനം. ഇതിലെ പ്രാർത്ഥനയ്ക്കും ഹബക്കുക്കിന്റെ പ്രാർത്ഥനയ്ക്കും തമ്മിലുള്ള സാമ്യം കണ്ടിട്ട് പ്രവാചകൻ സങ്കീർത്തനക്കാരനെ അനുകരിച്ചോ അതോ സങ്കീർത്തനക്കാരൻ പ്രവാചകന്റെ രീതി അനുകരിച്ചോ എന്നത് തർക്കവിഷയമായിരിക്കുകയാണ്. ഏതായാലും ഒരു വ്യക്തിയുടെ ആകുല ചിന്തകളല്ല ഇതിലെ ചിന്തകൾ. യിസ്രായേലിന്റെ പൂർവ്വകാല ചരിത്രത്തെ സൂക്ഷ്മാവലോകനം ചെയ്തിട്ട് അവർ എന്നെന്നേയ്ക്കുമായി കൈവിടപ്പെടുകയില്ലെന്ന് ആശ്വസിക്കയും, പണ്ട് മിസ്രയീം അടിമത്തത്തിൽ നിന്ന് വിടുവിച്ചവൻ ബാബിലോൺ പ്രവാസത്തിൽ നിന്നും രക്ഷിക്കുമെന്ന് ആശ്വസിക്കുകയും ചെയ്യുന്നു.

സ്വതന്ത്ര ചിന്തകനായ ആസാഫിന്റെ അനേക ചോദ്യങ്ങളിൽ കൂടി ദൈവവിചാരണയെ സംബന്ധിച്ച് സംശയം ഉളവാക്കുന്ന പ്രശ്നങ്ങളുടെ ഒരു വലിയ കൂമ്പാരമാണ് ആദ്യത്തെ ഒൻപത് വാക്യങ്ങളിൽ നാം വായിക്കുന്നത്. എന്നാൽ പത്താം വാക്യം അത്ഭുതകരമായ ഒരു വഴിത്തിരിവ് സൃഷ്ടിക്കുന്നതോടു കൂടി 11 മുതൽ 20 വരെയുള്ള വാക്യങ്ങൾ സകല പ്രശ്നങ്ങളുടെയും സമ്പൂർണ്ണമായ പരിഹാരത്തെ പ്രദർശിപ്പിക്കുന്നു. വ്യക്തിപരമായി ആസാഫിനുണ്ടായ വിശ്വാസധീരത, അതിന്റെ മദ്ധ്യത്തിൽ എത്തിയപ്പോൾ അത്ഭുതകരമായ ഒരു വെളിപ്പാട് തനിക്ക് ദൈവം നല്കി. സംഭവിച്ച അത്യാഹിതങ്ങളുടെ ദൈവോദ്ദേശ്യം ആസാഫ് ഗ്രഹിച്ചതോടുകൂടി തളർന്നുപോയ വിശ്വാസം പുനർജ്ജീവിപ്പിക്കുവാൻ ഇടയാകുകയും തല്ഫലമായി സ്തോത്രത്തിന്റെ ജയഘോഷത്തോടുകൂടി ഈ സങ്കീർത്തനം അവസാനിക്കുകയും ചെയ്യുന്നു.

**വാ. 1 ഞാൻ എന്റെ ശബ്ദം ഉയർത്തി ദൈവത്തോട് ......അവൻ എനിക്കു ചെവിതരും.**

സ്വയചിന്തയിലുള്ള 23 പരാതികൾ:

1 ഞാൻ ദൈവത്തോടു നിലവിളിച്ചു (വാ.1)

2 ഞാൻ യഹോവയെ അന്വേഷിച്ചു (വാ. 2)

3 രാത്രി മുഴുവൻ ഞാൻ കഷ്ടപ്പെട്ടു

4 എന്റെ കഷ്ടം നീങ്ങിപ്പോയില്ല

5 എന്റെ ഉള്ളം ആശ്വാസം നിരസിച്ചു

6 ഞാൻ ദൈവത്തെ ഓർത്തു (വാ. 3)

7 ഞാൻ വ്യാകുലപ്പെട്ടു

8 ഞാൻ ധ്യാനിച്ചു

9 ഞാൻ വിഷാദിച്ചു

10 എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല (വാ. 4)

11 ഞാൻ ഏറെ ഭാരപ്പെട്ടതുകൊണ്ട് എനിക്ക് സംസാരിക്കാൻ കഴിഞ്ഞില്ല

12 ഞാൻ പൂർവകാലങ്ങളെ ഓർത്തു (വാ.5)

13 ഞാൻ കഴിഞ്ഞുപോയ ദിനങ്ങളെ ഓർത്തു

14 രാത്രികാലങ്ങളിൽ ഞാൻ പാടിയിരുന്നത് ഓർമിച്ചു (വാ.6)

15 ഞാൻ എന്നോടു തന്നെ സംസാരിച്ചു

16 ഞാൻ എന്റെ ഉള്ളത്തെ ശോധന ചെയ്തു.

17 ദൈവവുമായുള്ള എന്റെ ബന്ധം ഞാൻ പരിശോധിച്ചു (വാ. 7)

18 ദൈവം ഇനിയും അനുകൂലമായിരിക്കുമോ എന്നു ഞാൻ ശങ്കിച്ചു

19 ദൈവം ഇനിയും ദയ കാട്ടുമോ എന്നു ഞാൻ സംശയിച്ചു (വാ. 8)

20 അവന്റെ വാഗ്ദാനങ്ങൾ എന്റെ ജീവിതത്തിൽ ഇനിയും നിറവേറുമോ എന്നു ഞാൻ ഭയപ്പെട്ടു

21 അവൻ ഇനിയും കൃപകാണിക്കുമോ എന്ന് ഞാൻ സംശയിച്ചു

22 അവൻ കോപത്തിൽ തന്റെ കരുണ അടച്ചു കളഞ്ഞിരിക്കുന്നുവോ എന്നു ഞാൻ ശങ്കിച്ചു

23 ഇത് എന്റെ കഷ്ടതയും ജീവിതത്തിന്റെ വിധിയുമാണെന്ന് ഞാൻ പറഞ്ഞു (വാ. 10) ദൈവത്തെ ആത്മാർഥമായും

അനുതാപത്തോടും അന്വേഷിക്കുന്നവരെ സംബന്ധിച്ച് എല്ലായ്പ്പോഴും ഇതായിരിക്കും സ്ഥിതി. സത്യവും ആത്മാർഥതയുമുള്ള ഉള്ളത്തിന്റെ അപേക്ഷ ദൈവം ഒരിക്കലും തള്ളിക്കളഞ്ഞിട്ടില്ല. പഴയ ഉടമ്പടിയുടെ കാലഘട്ടത്തിൽ ഇത് സത്യമായിരുന്നു എങ്കിൽ മെച്ചപ്പെട്ട വാഗ്ദാനങ്ങളിലധിഷ്ഠിതമായ പുതിയ ഉടമ്പടിയുടെ കാലഘട്ടത്തിൽ ഇത് വളരെയധികം സത്യമായിരിക്കും (എബ്രാ. 8:6). ആസാഫ് ദൈവത്തോട് ശബ്ദമുയർത്തി പ്രാർത്ഥിക്കുന്നു. നിലവിളിയുടെ രൂപത്തിലുള്ള പ്രാർത്ഥന ദാവീദിനെപ്പോലെ ആസാഫും സ്വീകരിച്ചിരിക്കുന്നു. ദൈവം തന്റെ പ്രാർത്ഥന സ്വീകരിക്കമെന്ന് ആസാഫിന് ഉറപ്പുണ്ട്.

**വാ. 2 കഷ്ട ദിവസത്തിൽ ഞാൻ യഹോവയെ അന്വേഷിച്ചു. ..... എന്റെ ഉള്ളം ആശ്വാസം നിരസിച്ചു.** കഷ്ടതയുടെ സമയത്ത് വിളിക്കുന്നവരുടെ അപേക്ഷ കേൾക്കാമെന്ന് ദൈവം വാഗ്ദാനം നൽകിയിട്ടുണ്ട്. പക്ഷേ കഷ്ടതയിലാകുന്നതുവരെ ദൈവത്തെ വിളിക്കുവാനായി ആരും കാത്തിരിക്കുവാൻ പാടില്ല (വാ. 50:15; 91:15). കഷ്ടതയിൽ ദൈവം പ്രാർത്ഥന ശ്രവിക്കുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട് (2 ദിന. 15:4; നെഹെ. 9:27; സങ്കീ. 31:7; 54:7; 107:6, 13, 19, 28).

യാദ് (എബ്രാ.), കൈയ്. അവൻ രാത്രിയിൽ കൈകളുയർത്തി ദൈവത്തോടപേക്ഷിച്ചു എന്നും, ഉത്തരം ലഭിക്കുന്നതുവരെയും കരങ്ങൾ താഴ്ത്തിക്കളഞ്ഞില്ല എന്നുമാണ് അർഥം (വാ. 2). ഇവിടെ ആസാഫ് കഷ്ടദിവസത്തിൽ ദൈവത്തെ നോക്കി വിളിച്ച് ഹൃദയത്തിൽ ആശ്വാസം കിട്ടാതെ ആയിപ്പോയതായി പറയുന്നു. ഇവിടെ കഷ്ടദിവസം എന്നുപറയുന്നത് യിസ്രായേലിന്റെ മഹാകഷ്ടമാകുന്ന പീഡാകാലത്തെ ചൂണ്ടിക്കാണിക്കുന്നു. ആ ജനം തങ്ങളുടെ ശബ്ദം ഉയർത്തി ദൈവത്തോട് നിലവിളിക്കയാണ്.

# നിങ്ങൾ ഈ പർവ്വതത്തിൽ പാർത്തതു മതി

(ആവ.1:6)

ലേഖനം



എൽസി ബേബി

**യി**സ്രായേൽ മിസ്രയീമിൽ നിന്നും പുറപ്പെടുന്നതിന്റെ മൂന്നാം മാസത്തിൽ അവർ സീനായ് മരുഭൂമിയിലെത്തി. ഹോരേബ് പർവ്വതത്തിന്റെ അടിവാരത്തിൽ അവർ പാളയമടിച്ചു. അവിടെ വെച്ചായിരുന്നു യഹോവ തന്റെ ജനത്തിനു ന്യായപ്രമാണങ്ങളും കല്പനകളും നൽകിയത്. മേഘതമസ്സിൽ യഹോവ സീനായ് മലമുകളിലിറങ്ങിയപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനികളും ഉണ്ടായി. യഹോവ തീയിൽ സീനായ് പർവ്വതത്തിൽ ഇറങ്ങുകയാൻ അതു മുഴുവനും പുകകൊണ്ടു മൂടി. പർവ്വതം കുലുങ്ങി. ദൈവം ഉച്ചത്തിൽ മോശയോടു സംസാരിച്ചു. ജനമെല്ലാം ഭയന്നു വിറച്ചു. കാഹളനാദം മുഴങ്ങിയപ്പോൾ അതിന്റെ ധ്വനി മരുഭൂമിക്കപ്പുറത്തോളം മാറ്റൊലി കൊണ്ടു. അവർ താമസിച്ചിരുന്ന പർവ്വതാടിസ്ഥാനം കുലുങ്ങി. ജനം യഹോവയെ ഭയപ്പെട്ടു വിറച്ചു പോയി. തന്റെ ജനം അനുസരിച്ചു പാലിക്കേണ്ടതായ കല്പനകൾ യഹോവ അവിടെവച്ച് അവർക്കു നൽകി. ദൈവജനം അവിടെ ഒരു വർഷത്തോളം താമസിച്ചപ്പോൾ യഹോവ അവരോട് "നിങ്ങൾ ഈ പർവ്വതത്തിൽ പാർത്തതു മതി" എന്നു പറഞ്ഞ് അവരെ അവിടെ നിന്നും കനാനിലേക്കു യാത്രയാക്കി. അവരെ മിസ്രയീമിൽ നിന്നും പുറപ്പെടുവിച്ചത് കനാനിൽ എത്തിക്കുവാനാണല്ലോ. അനവധി യുദ്ധങ്ങൾ ചെയ്ത് ശത്രുക്കളെ കീഴടക്കി പാലും തേനും ഒഴുകുന്ന ദേശത്തിലെ സമൃദ്ധിയനുഭവിച്ച് ദൈവത്തിന്റെ പ്രത്യേക രാജകീയ പുരോഹിതവർഗമായി അവിടെ വാഴുവാനായിട്ടാണ് ദൈവം തന്റെ ജനത്തെക്കുറിച്ച് ആഗ്രഹിച്ചത്. അല്ലാതെ മരുഭൂമിയിൽ യഹോവയുടെ പർവ്വതത്തിലെ അത്ഭുതകരങ്ങളായ കാഴ്ചകൾ കണ്ടു വസിക്കുവാനായിരുന്നില്ല. എന്നാൽ അവിടെ വെച്ച് യഹോവ തന്റെ ശക്തിയും തേജസ്സും, മഹത്വവും അവരെ കാണിച്ചുകൊടുക്കുന്നത് തുടർന്നുള്ള മരുഭൂമിയാത്രയിൽ അവർ യഹോവയെ ആശ്രയിക്കുവാനും, വിശ്വസിക്കുവാനും ശത്രുക്കളെ ജയിച്ച് ജയജീവിതം നയിക്കേണ്ടതിനുമായിരുന്നു. അതുകൊണ്ടാണ് ദൈവം അവരോട് നിങ്ങൾ ഈ പർവ്വതത്തിൽ പാർത്തതു മതി. യാത്ര ചെയ്യുക. യുദ്ധം ചെയ്യുക കനാൻ ദേശം നിങ്ങൾക്കവകാശമായി തന്നിരിക്കുന്നു. ഞാൻ നിങ്ങളോടുകൂടെയുണ്ട് ഭയപ്പെടേണ്ട എന്റെ കല്പനകൾ അനുസരിച്ചാൽ മാത്രം മതി എന്നു കല്പിച്ചത്.

നമ്മുടെ ജീവിതത്തിലും ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. കൺവൻഷൻ, കോൺഫറൻസ്, ക്യാമ്പ് എല്ലാം കഴിയുമ്പോൾ എന്തൊരു ഉണർവ്വാണ്! വചനം ഹൃദയത്തിൽ തട്ടി, പുതിയ പുതിയ തീരുമാനങ്ങൾ എടുക്കുന്നു. കുറ്റബോധവും പാപബോധവും വരുത്തുന്ന നല്ല പ്രസംഗങ്ങൾ കേൾക്കുമ്പോൾ കർത്താവിനായി പ്രവർത്തിക്കുവാൻ നാം തീരുമാനിക്കുന്നു. പരിശോധനകൾ നേരിടുമ്പോൾ, കേട്ട വചനങ്ങളും എടുത്ത തീരുമാനങ്ങളും നാം പാലിക്കാറുണ്ടോ? അതിനായിട്ടാണ് ദൈവം നമുക്ക് ഹോരേബിന്റെ അനുഭവങ്ങൾ നൽകുന്നത്. പലപ്പോഴും നാം അതു മറന്നു പോകാറില്ലേ? ദൈവം തന്റെ ദാസന്മാർ മുഖാന്തരം നമ്മെ നല്ല നല്ല ആലോചനകളും പ്രബോധനങ്ങളും നൽകി ശക്തീകരിക്കുന്നത് നമ്മുടെ ജീവിതത്തിൽ ചില പ്രതിസന്ധികളൊ പ്രശ്നങ്ങളൊ മുന്നിൽ കണ്ടുകൊണ്ടായിരിക്കാം. ഞായറാഴ്ച ആരാധനയും, തിരുവചപഠനവും, നമ്മുടെ തുടർന്നുള്ള ഒരാഴ്ചത്തേക്കുള്ള ജീവിതത്തിനു മാർഗ്ഗദർശിയായിരിക്കട്ടെ. വചനം കേൾക്കുവന്നവർ മാത്രമല്ല അതു ജീവിതത്തിൽ പകർത്തുവാനും നാം ശ്രദ്ധിക്കേണ്ടതാകുന്നു. യിസ്രായേൽ മക്കൾ എത്രപ്പെട്ടന്നാണ് അതൊക്കെ മറന്ന് ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവങ്ങളിലേക്കും മിഥ്യാമൂർത്തികളിലേക്കും തിരിഞ്ഞത്! അതിന്റെ ഫലങ്ങൾ അവർ അനുഭവിക്കുകയും ചെയ്തു. നമ്മുടെ ജീവിതത്തിൽ അങ്ങനെ സംഭവിക്കാതിരിപ്പാൻ നമുക്കു സൂക്ഷിക്കാം. പരിശോധനകളിലും പരീക്ഷകളിലും തളരാതെ അവന്റെ അത്ഭുതശക്തിയിൽ വിശ്വസിച്ചാശ്രയിക്കാം. അവൻ നമ്മോടു കൂടെയുണ്ട്. അവൻ നമ്മെ രക്ഷിക്കും. സംശയിക്കേണ്ട. അവനിൽ മാത്രം ആശ്രയിക്കാം. വിശ്വസിക്കാം ഈ ലേഖനം അതിനു സഹായമായിതീരട്ടെ.

ഭാഗം II (തുടർച്ച)

# പരിശുദ്ധാത്മാവ് വിശ്വാസിയിൽ

റെജി ഈട്ടിമൂട്ടിൽ



**ആത്മാവിൽ നിറയണം (എഫെ. 5:18)**

ഒരു വിശ്വാസിയുടെ ആത്മിക പക്വതയ്ക്കുവേണ്ടിയും, വിശ്വാസിയുടെ ആത്മിക ശുശ്രൂഷയ്ക്കുവേണ്ടിയും ആത്മനിറവ് കൂടിയേതീരൂ.

**a. ഇത് ഒരു കല്പനയാണ് (It is a command)**സകലവിശ്വാസികളും "ആത്മാവിൽ നിറയുവിൻ" എന്നത് ദൈവത്തിന്റെ കല്പനയാണ്. അതിൽനിന്നും ഒഴിവാകുവാൻ ആർക്കും അനുവാദമില്ല. മാനസാന്തരവും (മത്താ. 3:2) സ്നാനവും (മർക്കോ. 16:16) പോലെ ആത്മാവിൻ നിറയുവിൻ എന്നതും കല്പനയാണ് (എഫെ. 5:18).

**b. ഇത് ഉപാധിപരമാണ് (It is conditional)**ആത്മാധിവാസത്തിനും ആത്മസ്നാനത്തിനും ആത്മാഭിഷേകത്തിനും മറ്റും യാതൊരു വ്യവസ്ഥകളും തിരുവചനത്തിൽ ഇല്ല. എന്നാൽ ആത്മനിറവ് ഉപാധിയിൽ അധിഷ്ഠിതമാണ്. യാന്ത്രികമായി നമ്മിൽ ഉണ്ടാകുന്നതല്ല. പ്രാർഥനയും (ലൂക്കൊ. 11:3; അപ്പൊ. 4:31), അനുസരണവും (അപ്പൊ. 5:32), ആഗ്രഹവും (യോഹ. 7:37-39), വിശുദ്ധിയും (സങ്കീ. 96:9; അപ്പൊ. 2:38). ഈ അനുഭവത്തിന് ആവശ്യമാണ്.

**c. ഇത് ആവർത്തിക്കപ്പെടേണ്ടതാണ് (It is repeated)** തുടർച്ചയായി ഒരുവനിൽ ആത്മനിറവിന്റെ അനുഭവം ഉണ്ടാകണം. ഞാൻ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു എന്നത് ഒരു തോന്നലാകരുത്, അത് ഉറപ്പേറിയ ഒരനുഭവമാകണം. ആത്മനിറവ് ഒരിക്കലുള്ള ഒരനുഭവമല്ല മറിച് ആവർത്തിക്കപ്പെടേണ്ട ഒരനുഭവമാണ്.

**7 ആത്മനിറവ് : ചില ചോദ്യങ്ങൾ**

**1. ആത്മാവിന്റെ ഇരട്ടി പങ്കിന്റെ അർഥമെന്താണ് (2 രാജാ. 2:9)?**

ആത്മാവിന്റെ ഇരട്ടി പങ്ക് എന്നാൽ ആത്മാവിന്റെ ഇരട്ടി വലിപ്പമല്ല. ഇരട്ടി പ്രവർത്തനമാണ് ഇവിടുത്തെ വിവക്ഷ. അഥവാ ആത്മാവിന്റെ ഇരട്ടി വരം (സിദ്ധി) എന്നാണിവിടെ അർഥം. ഏലിയാവ് ചെയ്തതിന്റെ ഇരട്ടി അത്ഭുതങ്ങൾ എലീശ പരിശുദ്ധാത്മാവിനാൽ ചെയ്തു.

**2. ആത്മാവിനെ എത്ര അധികമായി കൊടുക്കും? (ലൂക്കൊ. 11:13)**

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്. അളന്നും തൂക്കിയും കൊടുക്കാൻ കഴിയുന്നതുമല്ല. ദോഷികളായ മനുഷ്യർ തങ്ങളുടെ മക്കൾക്ക് നന്മകളെ കൊടുക്കുവാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ നന്മയുടെ ഉറവിടമായ ദൈവം (ദോഷമില്ലാത്തവനായ ദൈവം) പരിശുദ്ധാത്മാവിനെ മടികൂടാതെ കൊടുക്കും എന്നാണ് ഈ വാക്യത്തിന്റെ അർഥം. ദോഷികളായ പിതാക്കന്മാർ ഭൗമികദാനങ്ങളെ മക്കൾക്ക് നൽകുമ്പോൾ സ്വർഗ്ഗീയപിതാവ് സ്വർഗ്ഗീയദാനമായ പരിശുദ്ധാത്മാവിനെ കൊടുക്കും. പരിശുദ്ധാത്മാവിൻ അധിഷ്ഠിതമാണ് മറ്റെല്ലാ ദാനങ്ങളും.

**VII. ആത്മസ്നാനം (The Baptism of Holy Spirit)**

**നിർവ്വചനം:** പുതിയനിയമത്തിൽ രക്ഷിക്കപ്പെട്ട മുഴുവൻ വിശ്വാസികളെയും, യെഹൂദൻ, യവനൻ എന്ന വ്യത്യാസമില്ലാതെ ക്രിസ്തുവിന്റെ ഭൗതിക ശരീരാംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട്, ഏകശരീരസ്ഥരാക്കിത്തീർത്ത ആത്മിക ചരിത്ര പ്രക്രിയയാണ് ആത്മസ്നാനം.

ഒരു പാപി രക്ഷിക്കപ്പെട്ട് ദൈവഭാഗത്തേക്ക് വരുമ്പോൾ കർത്താവ് അവനെ പ്രത്യേകമായി പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നു എന്നും അതിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷാഭാഷണമാണെന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടതിനുശേഷം കാത്തിരുന്ന് പ്രാപിക്കേണ്ടതാണ് ആത്മസ്നാനമെന്നും പെന്തെക്കോസ്തുകാർ പഠിപ്പിക്കുന്നതിന് വേദാധാരമില്ല.

ആത്മസ്നാനം ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവപോലെ ഒരു ചരിത്രസംഭവമാണ്. യെഹൂദൻ, യവനൻ എന്ന ജാതിവ്യത്യാസമില്ലാതെ ഇരുപക്ഷത്തെയും ക്രിസ്തുവിന്റെ മാർമ്മിക ശരീരത്തിന്റെ അംശമാക്കിത്തീർത്ത മഹാസംഭവമാണ് ആത്മസ്നാനം. പെന്തെക്കോസ്തുനാളിൽ നടന്ന ആ മഹാസംഭവത്തിൽ യേശുക്രിസ്തു തന്റെ കാന്തയായ സഭയെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തി. അങ്ങനെ പുതിയനിയമസഭ രൂപീകൃതമായി. പിന്നീട് ആത്മസ്നാനം ആവർത്തിക്കപ്പെടുന്നില്ല. ആത്മസ്നാനത്തെക്കുറിച്ചുള്ള പുതിയനിയമസത്യങ്ങൾ ത്വരിതപ്പെടുത്തുന്ന വസ്തുതകളുടെ സംഗ്രഹമാണിത്.

ആത്മസ്നാനം പുതിയനിയമോപദേശമാണ്. പഴയനിയമത്തിൽ ആത്മസ്നാനമോ, ആത്മസ്നാനോപദേശമോ ഇല്ല. കാരണം, ക്രിസ്തുവിന്റെ ശരീരമായ പുതിയനിയമസഭയ്ക്കുള്ളതാണ് ആത്മസ്നാനം. പെന്തെക്കോസ്തുനാളിൽ ആരംഭിച്ച്, ക്രിസ്തുയേശുവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയിൽ പൂർത്തിയാകുന്ന കൃപയാലുള്ള രക്ഷയുടെ ഗുണഭോക്താക്കളായി രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് പുതിയനിയമസഭ (മത്താ. 16:18; അപ്പൊ. 2:40-47).

പഴയനിയമത്തിൽ ആത്മസ്നാനമോ, ആത്മസ്നാനം എന്ന വാക്കോ ഇല്ല എന്ന് സൂചിപ്പിച്ചുവല്ലോ. പുതിയനിയമത്തിൽ ഏഴ് വാക്യങ്ങൾ മാത്രമാണ് ആത്മസ്നാനത്തെക്കുറിച്ച് ബൈബിളിൽ ഉള്ളത്. ആദ്യത്തെ നാല് വാക്യങ്ങൾ യോഹന്നാൻ സ്നാപകൻ പറയുന്നതും ഭാവിയിൽ യേശുക്രിസ്തു കൊടുക്കുന്നതുമാണ് (മത്താ. 3:11; മർക്കൊ. 1:8; ലൂക്കൊ. 3:16; യോഹ. 1:33). അഞ്ചാമത്തേത്: യേശു പറയുന്നതും സമീപഭാവിയിൽ പരിശുദ്ധാത്മസ്നാനം ലഭിക്കും എന്നുപറയുന്നതുമാണ് (അപ്പൊ. 1:5). ആറാമത്തേത്: പത്രൊസ് അപ്പൊസ്തലന്റെ വാക്കുകളും ചരിത്രത്തിൽ നടന്ന സംഭവവുമാണ് (അപ്പൊ. 11:6). ഏഴാമത്തേത്: പൗലൊസിന്റെ വാക്കുകളും ആത്മസ്നാനത്തിന്റെ ഉപദേശരൂപവുമാണ് (1 കൊരി. 12:13).



# ദാനിയേൽ പ്രവചനം

(തുടർച്ച)

ഡോ.സണ്ണി എഴുമറ്റൂർ

**പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും ന്യായവിധിയും**

എന്തായാലും ദാനിയേലിന്റെ ചോദ്യത്തിന്റെ ഭാഗീക ഉത്തരം അന്ത്യകാലത്ത് വിശുദ്ധന്മാരുടെ ശുദ്ധികരണവും, മനുഷ്യ ഹൃദയത്തിലെ ദുഷ്ടതയുടെ വെളിപ്പെടുത്തലുമാണ്. അതുപോലെ അന്യകാലത്തെ സംഭവങ്ങളുടെ സാദ്ധ്യതകൾ ദുഷ്ടന്മാർ ആരും മനസ്സിലാക്കില്ല മറിച്ച് "ജ്ഞാനികൾക്ക്" മാത്രമാണ് മനസ്സിലാക്കാൻ കഴിയുന്നത്. പ്രവചനങ്ങൾ മനസ്സിലാക്കുന്നതിനുള്ള നിബന്ധന ആത്മീക വെളിച്ചവും പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലുമാണ് അന്ത്യകാലത്തെ കുറിച്ച് ദൈവം വചനം വളരെ വിസ്തരിച്ച് പറയുന്നുണ്ടെങ്കിലും ദുഷ്ടന്മാർക്ക് ഈ പ്രവചനങ്ങൾ ഏതും പ്രയോജനപ്പെടുകയില്ല. എന്നാൽ ദൈവത്തിന്റെ യഥാർത്ഥ വിശ്വാസികൾക്ക് ഇത് വഴികാട്ടിയും ആശ്വാസവുമായിരിക്കും. ദൈവിക വെളിപ്പാടുകൾ സാധാരണ അതിന്റെ അർത്ഥം വീണ്ടും ജനിക്കാത്തവന് മറ ഞ്ഞിരിക്കുന്നതും, ആത്മികൻ മനസ്സിലാക്കുന്നതുമായിരിക്കും. 11,12 വാക്യങ്ങളിൽ അന്ത്യകാലത്തെ കുറിച്ച് രണ്ട് വിവരണങ്ങൾ പറഞ്ഞിരിക്കുന്നു ദിനംതോറുമുള്ള യാഗങ്ങൾ നിർത്തലാക്കപ്പെട്ടതിന് ശേഷം 1290 ദിവസങ്ങൾക്ക് ശേഷം അന്ത്യകാലമുണ്ടാകും. യാഗങ്ങൾ നിർത്തലാക്കുന്നതിനോട് അനുബന്ധിച്ച് "മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും". ഈ ആശയം ദാനിയേൽ 9:27 രൂപപ്പെട്ടിരിക്കുന്നു, അതുപോലെ 70-ാം ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിൽ യാഗങ്ങൾ നിർത്തലാക്കുന്നതും. ഈ പ്രവചനത്തിന്റെ നിവർത്തികരണം ബി.സി. 2-ാം നൂറ്റാണ്ടിൽ അന്ത്യോക്യസ് എപ്പിഫാനസിലൂടെ നിറവേറി (ദാനി. 8:11-14). മത്തായി 24:15 ൽ നമ്മുടെ കർത്താവിന്റെ വാക്കുകൾ അനുസരിച്ച് ഈ പ്രവചനങ്ങൾ പൂർത്തികരിക്കപ്പെടുന്നത് അന്ത്യോക്യസ് എപ്പിഫാനസിന്റെ കാലത്തല്ല, മറിച്ച് ദാനിയേലിൽ പറഞ്ഞിരിക്കുന്ന മ്ലേച്ഛമാക്കുന്ന ശൂന്യത മഹോപദ്രവകാലത്തെ കാണിക്കുന്നതാണ്. ഈ വേദഭാഗങ്ങളിലൂടെ അന്ത്യകാലത്തിന്റെ അവസാന $3^1/_2$ വർഷങ്ങൾ കാണാം. 1260 ദിവസങ്ങളുടെ സമയം എതിർക്രിസ്തു യെഹൂദ ദേവാലയത്തിലെ മതപരമായ ആരാധന നിർത്തലാക്കുന്നതിലൂടെ ആരംഭിക്കും.

ദാനിയേൽ ഈ കാലയളവുകളുടെ വിവരണം നല്കുന്നില്ല എന്നാൽ ക്രിസ്തുവിന്റെ മടങ്ങി വരവും സഹസ്രാബ്ദ വാഴ്ചയുടെ സമാരംഭത്തിനും സമയം ആവശ്യമെന്നത് സുപക്തമാണ്. 1260 ദിവസങ്ങൾ അല്ലെങ്കിൽ 30 ദിവസങ്ങൾ അടങ്ങിയ 42 മാസങ്ങൾ രണ്ടാം വരവിന്റെ പരിപൂർണമായ സമയമാണ്. അതിനോടനുബന്ധിച്ച് നിരവധി ന്യായവിധികൾ, ജാതികളുടെമേലുള്ളത് (മത്താ. 25:31-46) ഇസ്രായേലിന്റെ കൂടിച്ചേരലും ന്യായിവിധിയും (യെഹ. 20:34-38) നടക്കേണ്ടിയിരിക്കുന്നു.

**യിസ്രായേലിന്റെ കൂടിച്ചേരൽ**

**മത്തായി 24:27-30**

ജെ.ഡിവിറ്റ് പെന്റക്കോസ്റ്റ്

"മഹാപീഢനകാലത്ത് ഇസ്രായേൽ സൈന്യത്തിന്റെ അധിനിവേശത്താൽ ഇസ്രായേൽ ചിതറപ്പെടും (വെളി. 12:14-16). ഇസ്രായേൽ ഓടിപ്പോയി ജാതികളുടെ ഇടയിൽ അഭയം പ്രാപിക്കും എന്നാൽ അത്ഭുതകരമായി ദൈവം അവരെ അവരുടെ നാട്ടിലേക്ക് തിരികെ കൊണ്ടുവരും. അത് ദൂതന്മാരുടെ ഇടപെടൽ മൂലമായിരിക്കും, ഇതാണ് പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന അവസാന പുനരുദ്ധാരണം (ആവർ. 30:1-8). മത്തായി 24:33 "അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കളവാതിക്കൽ തന്നെ ആയിരിക്കുന്നു എന്നറിഞ്ഞു കൊൾവിൻ ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു". യേശുക്രിസ്തു ആ കാലത്തെ തലമുറയോട് സംസാരിച്ചു എന്ന് പുരോഹിതന്മാരും മറ്റ് പലരും ചിന്തിച്ചു. എന്നാൽ ഈ പ്രത്യേക വാക്യത്തിന്റെ തെറ്റായ സാംഗത്യമാണിത്. ഇതിന്റെ പശ്ചാത്തലത്തിലെ "ഈ കാണുന്നത്" 4-28 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന അടയാളങ്ങളാണ്. ഈ അട യാളങ്ങൾ കാണുന്നവർ മനസ്സിലാക്കട്ടെ അവൻ മശിഹാ ആണെന്ന്, അല്ലെങ്കിൽ ഇത് മശിഹായുടെ ന്യായവിധി വാതിൽ എന്ന്. ദാനിയേലിന്റെ 70 ആഴ്ചവട്ടത്തിലെ 7 വർഷകാലയളവിൽ ഇവയെല്ലാം സംഭവിക്കുന്നു, ഇത് കാണുന്ന തലമുറ ഇവ സംഭവിക്കുവോളം നീങ്ങിപോകയില്ല (വാക്യ. 34) എന്തു കൊണ്ടന്നാൽ അവർ വളരെ ചെറിയ ഒരു ജീവിത കാലഘട്ടത്തിലാണ്.

ഉൽപ്രാപണത്തോട് ബന്ധപ്പെട്ട് ആ കാലത്തെ തലമുറക്ക് പ്രത്യേകം അടയാളം ഇല്ല എന്നത് ശ്രദ്ധേയമാണ്. സഭ എടുക്കപ്പെട്ടതിന് ശേഷം മാത്രമേ തലമുറകൾക്ക് അടയാളം ലഭിക്കുകയുള്ളൂ. എന്നാൽ യേശുക്രിസ്തു തിരികെ വരുമ്പോൾ, രണ്ട് ആളുകൾ വയലിലായിരുക്കും ഒരാൾ എടുക്കപ്പെടും (ന്യായവിധിയിൽ നിന്നും) മറ്റെയാൾ കൈവിടപ്പെടും (ദൈവരാജ്യത്തിൽ നിന്നും) വാക്യങ്ങൾ 40-41.

# പ്രത്യാശ തീരത്ത്

### സിസ്റ്റർ ഗ്ലോറി സി. ജോർജ്ജ്



**കളമശ്ശേരി:** തെങ്ങോട് ബ്രദറൺ അസംബ്ലി അംഗമായ ചേകാട്ട് ഹൗസിൽ സി. ഡി. ജോർജ്ജിന്റെ ഭാര്യ സിസ്റ്റർ ഗ്ലോറി. സി. ജോർജ്ജ് (74) ജൂലൈ 27 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂലൈ 29 ന് ക്രിസ്ത്യൻ ബ്രദറൺ ചാപ്പൽ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.

### ബ്രദർ പൗലോസ്



**പൂവത്തിങ്കൽ:** മുള്ളരിങ്ങാട് ബ്രദറൺ സഭയിലെ അംഗമായിരുന്ന ബ്രദർ പൗലോസ് (പൗലോച്ചൻ-63) ആഗസ്റ്റ് 11ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ തിങ്കൾ 12 രാവിലെ 11 ന് പോത്താനിക്കാട് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ നടത്തി.
**ഭാര്യ:** പരേതയായ ഡെയ്സി പൗലോസ്.
**മക്കൾ:** ഗ്രേസ്സ് പോൾ.

### സിസ്റ്റർ അന്നമ്മ ജോസഫ്



**കോട്ടയം:** വടവാതൂർ കോട്ടയം ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ അന്നമ്മ ജോസഫ് (70) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ആഗസ്റ്റ് 11 ന് നടത്തി.

### സിസ്റ്റർ ജെസ്സി സാമുവൽ



**ജാർഖണ്ഡ്:** പരേതനായ ബ്രദർ ജേക്കബ് സാമുവലിന്റെ ഭാര്യ സിസ്റ്റർ ജെസ്സി സാമുവൽ (53) ആഗസ്റ്റ് 9 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 11 ന് റാഞ്ചിയിലെ വി കാസ് ബ്രദറൺ അസംബ്ലി ഹാളിൽ ശവസംസ്കാരം നടത്തി.
**മക്കൾ:** സിസ്റ്റർ ഗ്ലോറിയ, സിസ്റ്റർ ജെനീന.

### സിസ്റ്റർ തങ്കമ്മ ഫിലിപ്പ്



**റാന്നി:** റാന്നി സിയോൻകുന്ന് ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ തങ്കമ്മ ഫിലിപ്പ് (82) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 20ന് റാന്നിയിലെ സി യോൻകുന്നിലെ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.
**മക്കൾ:** ബ്രദർ റെജി ഫിലിപ്പ് & സിസ്റ്റർ ലില്ലി റെജി.

### ബ്രദർ പി എം ജേക്കബ്



**എറണാകുളം:** ബ്രദർ പി. എം. ജേക്കബ് മത്തായി കാനഡിലെ എഡ്മന്റണിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കാനഡയിലെ എഡ്മന്റണിൽ ശവസംസ്കാര ശുശ്രൂഷ നടത്തി.
**മക്കൾ:**സിസ്റ്റർ ബിജി & ബ്രദർ ബിജു, ബ്രദർ സ്റ്റൻലി & സിസ്റ്റർ ആൻ.

### ബ്രദർ തോമസ് ബെന്നി



**പറന്തൽ:** ശാലേം ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം ബ്രദർ തോമസ് ബെന്നി (44) വാഹനപകടത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 8ന് സ്വവസതിയിൽ ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ബ്ലെസിമോൾ ബേബി.
**മക്കൾ:** സാറാ മേരി തോമസ്, ഏബൽ തോമസ് ബെന്നി.

### സിസ്റ്റർ ഡെയ്സി പൗലോസ്



**പൂവത്തിങ്കൽ:** മുള്ളരിങ്ങാട് ബ്രദറൺ സഭയിലെ അംഗമായിരുന്ന സിസ്റ്റർ ഡെയ്സി പൗലോസ് (54) ആഗസ്റ്റ് 14 ബുധനാഴ്ച രാവിലെ 5.30ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.ശവസംസ്കാര ശുശ്രൂഷ ബുധൻ 5 ന് പോത്താനിക്കാട് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ നടത്തി.
**ഭർത്താവ്:** പരേതനായ പൗലോസ് .
**മക്കൾ:** ഗ്രേസ്സ് പോൾ

### ബ്രദർ സാമുവൽ പി.ടി.



**പാലക്കാട്:** പാലക്കാട് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം പഴമ്പള്ളിൽ വീട്ടിൽ ബ്രദർ സാമുവൽ പി.ടി. (94) ആഗസ്റ്റ് 9 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 12 ന് പാലക്കാട് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി ഹാളിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും പാലക്കാട് ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.
**ഭാര്യ:** പരേതയായ ദെബോറ.
**മക്കൾ:** സിസ്റ്റർ ആലീസ് ഉലഹന്നാൻ & ബ്രദർ ഉലഹന്നാൻ, ബ്രദർ തോമസ് സാമുവൽ & സിസ്റ്റർ മിനി, സിസ്റ്റർ നാൻസി സാംസൺ & ഇവാ. സാംസൺ.

### സിസ്റ്റർ മറിയാമ്മ വർഗീസ്



**പേരൂർക്കട:** കളത്തിൽ പരേതനായ പി. കെ. വർഗീസിന്റെ ഭാര്യ സിസ്റ്റർ മറിയാമ്മ വർഗീസ് (94) ആഗസ്റ്റ് 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം 24ന് പരുത്തിപ്പാറ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** പരേതനായ രാജൻ, ഇവാ. കെ. വി. വർഗീസ്, ബ്രദർ സണ്ണി, സിസ്റ്റർ ജോളി.

### സിസ്റ്റർ കമലാഭായി



**മഞ്ഞാലുംമൂട്:** മഞ്ഞാലുംമൂട് ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ കമലാഭായി (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### സിസ്റ്റർ കുഞ്ഞമ്മ മാത്യു



**മണ്ണാറക്കുളഞ്ഞി:** മണ്ണാറക്കുളഞ്ഞി ബ്രദറൺ അസംബ്ലി അംഗം പരേതനായ പി. ഇ. മാത്യുവിന്റെ ഭാര്യ സിസ്റ്റർ കുഞ്ഞമ്മ മാത്യു (87) ആഗസ്റ്റ് 1 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 5ന് മൈലപ്ര ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഹാളിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മൈലപ്രയിലെ ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.
**മക്കൾ:** സിസ്റ്റർ ലീലാമ്മ & പരേതനായ മോനച്ചൻ, സിസ്റ്റർ സൂസമ്മ & ബ്രദർ പാപ്പച്ചൻ, ബ്രദർ ജോസ് മാത്യു & സിസ്റ്റർ ഓമന, പാസ്റ്റർ സാജു മാത്യു & സിസ്റ്റർ ജിജി, ബ്രദർ രാജൻ മാത്യു & സിസ്റ്റർ ബ്ലെസി, ബ്രദർ ഷിബു മാത്യു & സിസ്റ്റർ മിനി.

### ബ്രദർ സി ജി ജോയ്



**ചീമേനി:** കിണർമുക്ക് ബ്രദറൺ ചർച്ച് അംഗം ചിറയിൽ ഹൗസിൽ സി. ജി. ജോയ് (70) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.ആഗസ്റ്റ് 15ന് കിണർമുക്ക് ബ്രദറൺ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.

### ബ്രദർ കെ. എം. തോമസ്



**ചെങ്ങറ:** ചെങ്ങറ ബ്രദറൺ അസംബ്ലി അംഗം ബ്രദർ കെ. എം. തോമസ് (പാപ്പച്ചൻ-76) ആഗസ്റ്റ് 15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ആഗസ്റ്റ് 17ന് ചെങ്ങറ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.
**ഭാര്യ:** സിസ്റ്റർ തങ്കമ്മ തോമസ്.
**മക്കൾ:** ബ്രദർ റെജി തോമസ്, ബ്രദർ റോയ് തോമസ്, ബ്രദർ രഞ്ചു തോമസ്.

### ബ്രദർ സുകുമാരൻ



**മണ്ണാന്തല:** പരുത്തിപ്പാറ ബ്രദറൺ അസംബ്ലി അംഗം ബ്രദർ സുകുമാരൻ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ആഗസ്റ്റ് 22ന് രാവിലെ 10 മണി മുതൽ മുട്ടട എൽഎംഎസ് നഗർ സി എസ് ഐ ചർച്ച് ഹാളിൽ നടത്തപ്പെട്ടു. പരുത്തിപ്പാറ ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

### ബ്രദർ സാമുവൽ ചാക്കോ



**എറണാകുളം:** പുത്തൻകുരിശ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ സാമുവൽ ചാക്കോ (കുഞ്ഞുമോൻ-80) ആഗസ്റ്റ് 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ആഗസ്റ്റ് 22ന് പുത്തൻകുരിശ് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** ബ്രദർ സജി, സിസ്റ്റർ ഷിജി, സിസ്റ്റർ ലിജി, സിസ്റ്റർ ബിൻസി, ബ്രദർ ജോസ്, ബ്രദർ ആൽബർട്ട്.

### സിസ്റ്റർ ലില്ലി മത്തായി



**ഊരമന:** ഊരമന ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം കോലത്ത് സിസ്റ്റർ ലില്ലി മത്തായി (72) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### ബ്രദർ രഞ്ജി ആർ. പിള്ള



**വരാപ്പുഴ:** വടുതല ബ്രദറൺ അസംബ്ലി അംഗം ഒളനാട് അനുഗ്രഹം ഹൗസിൽ ബ്രദർ രഞ്ജി ആർ. പിള്ള കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 16 ന് സൗത്ത് ചിറ്റൂർ ക്രിസ്ത്യൻ ബ്രദറൺ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.
**ഭാര്യ:**Adv. രാജി പി. മാത്യൂസ്
**മക്കൾ:** ബ്രദർ രൂബൻ, സിസ്റ്റർ റിയ.

### ബ്രദർ സാജൻ എബ്രഹാം



**പെരുമ്പാവൂർ:** ക്രാരിയേലി ബ്രദറൺ സഭാംഗം തോമ്പ്രക്കുടിയിൽ വീട്ടിൽ പരേതനായ ടി ടി എബ്രഹാമിന്റെ മകൻ ബ്രദർ സാജൻ എബ്രഹാം(53) ആഗസ്റ്റ് 12 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 14 ന് ക്രാരിയേലി സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:**സിസ്റ്റർ റീന സാജൻ.
**മക്കൾ:** സിസ്റ്റർ സ്നേഹ സാജൻ.

### ബ്രദർ എസ്. ഗോപാലൻ



**പാമ്പാടി:** ബ്രദർ എസ്. ഗോപാലൻ (പാപ്പച്ചൻ-73) ആഗസ്റ്റ് 22ന് (വ്യാഴം) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാമ്പാടിയിലെ ശാലോം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ മേരി വി. സി.
**മക്കൾ:** സിസ്റ്റർ ഡോ. ദീപ്തി മോൾ ജി. മെർലിൻ.

### ബ്രദർ ഇടിക്കുള ചാക്കോ



**കുമ്പഴ:** ഈട്ടിക്കൽ ബ്രദർ ഇടിക്കുള ചാക്കോ (ബേബി-94) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ മേരി ചാക്കോ.
**മക്കൾ:** ബ്രദർ തോമസ് ചാക്കോ, ബ്രദർ ജോർജ് ചാക്കോ, സിസ്റ്റർ സൂസമ്മ എബ്രഹാം, ബ്രദർ ജെയിംസ് ചാക്കോ, സിസ്റ്റർ സാലമ്മ ചാക്കോ, സിസ്റ്റർ സിൻവി എബ്രഹാം, ബ്രദർ വിൽസൺ ചാക്കോ.

### സിസ്റ്റർ എ മീനാക്ഷി



**അമ്മാനൂർക്കോണം:** എരുത്താവൂർ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ എ മീനാക്ഷി(94) ആഗസ്റ്റ് 17 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 18ന് വീട്ടുവളപ്പിൽ മൃതദേഹം സംസ്കരിച്ചു.

### ബ്രദർ കെ. എം. ഡാനിയൽ



**മീനടം:** മീനടം ബ്രദറൺ അസംബ്ലി അംഗം ബ്രദർ കെ. എം. ഡാനിയൽ (74) ഹൃദയാഘാതത്തെത്തുടർന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

### സിസ്റ്റർ മേരി മാത്യു



**കുമ്പഴ:** പടിഞ്ഞാറെ ചരുവിൽ കുമ്പഴ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ മേരി മാത്യു (96) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

### സിസ്റ്റർ പുഷ്പം



**കോവളം:**കോവളം ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ പുഷ്പം (77) ആഗസ്റ്റ് 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഗസ്റ്റ് 20ന് സ്വവസതിയിൽ സംസ്കാര ശുശ്രൂഷ നടത്തി വീട്ടു വളപ്പിൽ സംസ്കരിച്ചു.



# പ്രാർത്ഥന – സഹായം

## സിസ്റ്റർ ജെമിക്കുവേണ്ടി പ്രാർത്ഥിക്കുക

**തിരുവനന്തപുരം:** സിസ്റ്റർ ജെമി റോസ് അലക്സിനായി തുടർന്നും പ്രാർത്ഥിക്കുക. ESRന്റെ അളവ് ഉയർന്ന നിലയിലായതിനാൽ ശസ്ത്രക്രിയ നീട്ടിവച്ചിരിക്കുകയാണ്. പൂർണ്ണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഇവാ. തോമസ് രാജുവിനുവേണ്ടി പ്രാർത്ഥിക്കുക

**മാവേലിക്കര:** ഇവാ. തോമസ് രാജുവിനുവേണ്ടി പ്രാർത്ഥിക്കുക. ജൂലൈ 27ന് ബൈബിൾ ക്ലാസിൽ നിന്ന് തന്റെ താമസസ്ഥലത്തേക്ക് മടങ്ങുമ്പോൾ അദ്ദേഹം അപകടത്തിൽ പെട്ടു. ആയുർവേദ ആശുപത്രിയിൽ ചികിത്സയിലാണ്. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ബ്രദർ ജീവൻ ജോൺ മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക

**നന്നുവക്കാട്:** നന്നുവക്കാട് ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജീവൻ ജോൺ മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക. ആഗസ്റ്റ് 17ന് പത്തനംതിട്ട ടൗണിൽ വെച്ച് സ്കൂട്ടർ അപകടത്തിൽ പെട്ടു. ആദ്യം അദ്ദേഹത്തെ പത്തനംതിട്ട ജനറൽ ആശുപത്രിയിലും പിന്നീട് കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു വെന്റിലേറ്ററിന്റെ പിന്തുണയിലാണ് അദ്ദേഹം. അതീവ ഗുരുതരാവസ്ഥയിലാണ് അദ്ദേഹം. പൂർണ്ണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## രോഗ സൗഖ്യത്തിനായി പ്രാർത്ഥിക്കാം

**പൂയപ്പള്ളി:** ബ്രദർ ഷാജി ബി. ഉമ്മനു വേണ്ടി പ്രാർത്ഥിക്കുക. ആഗസ്റ്റ് 12ന് പക്ഷാഘാതം ഉണ്ടായി. കൊല്ലം ജില്ലയിലെ കൊട്ടിയത്തെ ഹോളിക്രോസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. മസ്തിഷ്കാഘാതം സംഭവിച്ച് നാല് മണിക്കൂറിന് ശേഷമാണ് അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചത്. ബ്രദർ ഷാജി ബി. ഉമ്മൻ ആഗസ്റ്റ് 19ന് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആയി. പ്രദേശത്ത് ഡെങ്കിപ്പനി, മലേറിയ, വൈറൽ അണുബാധകൾ എന്നിവ അതിവേഗം പടരുന്നതിനാൽ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തെങ്കിലും വീട്ടിനുള്ളിൽ ഫിസിയോതെറാപ്പി ചെയ്യാൻ നിർദ്ദേശിച്ചു. വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## സിസ്റ്റർ അന്നക്കുട്ടി ഗോപിക്കായി പ്രാർത്ഥിക്കുക

**ആസാം:** സിസ്റ്റർ അന്നക്കുട്ടി ഗോപിക്കായി പ്രാർത്ഥിക്കുക. ആഗസ്റ്റ് 15ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സഹോദരി ഇപ്പോൾ ഐ.സി. യുവിലാണ്. ഡി. എസ്. എ. പരിശോധനകൾ നടത്തിയിരുന്നു. വേഗത്തിൽ സുഖം പ്രാപിക്കാൻ ദയവായി പ്രാർത്ഥിക്കുക.

## ഭവന നിർമ്മാണം പൂർത്തീകരണത്തിനായി സഹായിക്കാം

**മലമ്പുഴ:** മലമ്പുഴ ബ്രദറൺ സഭാ കൂട്ടായ്മയിലായിരുക്കുന്ന സഹോദരൻ ആനന്ദ് ബാബുവും കുടുംബവും ഹൈന്ദവ വിശ്വാസത്തിൽ നിന്നും മുന്നോട്ടുവന്നവരാണ്. തനിക്ക് ഭാര്യയും രണ്ടു മക്കളും, പ്രായമായ മാതാവുമുണ്ട്. താൻ ആശാരി പണി ചെയ്താണ് കുടുംബം പോറ്റുന്നത്. ഭാര്യയും ദിവസ കൂലിക്ക് പണി ചെയ്തു വരുന്നു. മക്കൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഇവർ സ്വന്ത സ്ഥലത്ത് താത്കാലികമായി കെട്ടിയ ഷെഡ്ഡിൽ ആണ് താമസിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബമാണ്.

പ്രിയപ്പെട്ടവർ ഇപ്പോൾ ഗവൺമെന്റിന്റെ ലൈഫ് മിഷൻ പദ്ധതികൾ ഉൾപ്പെട്ട ഒരു വീടിന്റെ പണി ആരംഭിച്ചിട്ടുണ്ട്. എങ്കിലും പണികൾ പൂർത്തികരിക്കുവാൻ ഇനിയും 6 ലക്ഷം രൂപയിൽ അധികം ആവശ്യമായിരിക്കുന്നു. സഭയായി ഞങ്ങൾ ഈ വിഷയത്തിനായി പ്രാർത്ഥിച്ചു വരുന്നു. മഴക്കാലമായതിനാൽ പ്രായമായ മാതാവുമായുള്ള ഷെഡ്ഡിലെ താമസത്തിന് വളരെ പ്രതിസന്ധികൾ നേരിടുന്നുണ്ട്.

ആയതിനാൽ ഈ പ്രിയ കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കുകയും വീടിന്റെ പണി പൂർത്തീകരിക്കേണ്ടതിനായി സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമെന്ന് കർതൃനാമത്തിൽ സഭയായി അഭ്യർത്ഥിക്കുന്നു.

Bank Details:
Ananda Babu K.
SBI Kunnathurmedu Branch
Account No: 33103652821
IFSC:SBIN0012861

## ബ്രദർ ഒ. കെ. ബാബുവിനായി പ്രാർത്ഥിക്കുക

**കോട്ടയം:** കോട്ടയം കഞ്ഞിക്കുഴി ബ്രദറൺ അസംബ്ലി അംഗം ബ്രദർ ഒ. കെ. ബാബുവിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മാസം ഹൃദയശസ്ത്രക്രിയയ്ക്കു ശേഷം മരുന്നിന്റെ പാർശ്വഫലത്തെ തുടർന്ന് മൂത്രാശയത്തിൽ രക്തസ്രാവമുണ്ടായി. പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ്

**കുമ്പനാട്:** ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ 45-ാമത് വാർഷിക ജനറൽ ബോഡി യോഗം 2024 ജൂൺ 25ന് (ചൊവ്വാഴ്ച) കുമ്പനാട് ബി ആർ ടി ഓഫീസിൽ വെച്ച് നടന്നു. വാർഷിക പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവനകളും അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു.

52 അംഗങ്ങളുള്ള ഒരു ജനറൽ ബോഡിയും 14 അംഗങ്ങളുള്ള ഒരു ഗവേണിംഗ് ബോഡിയുമാണ് ബിആർടി മന്ത്രാലയത്തെ നിയന്ത്രിക്കുന്നത്. കമ്മ്യൂണിറ്റിയിലെ പാവപ്പെട്ട സഹോദരങ്ങളെയും വിധവകളെയും സഹായിക്കുന്ന ഈ ശുശ്രൂഷയുമായി സഹകരിക്കുന്ന എല്ലാ സഭകൾക്കും അസംബ്ലികൾക്കും വ്യക്തികൾക്കും കൂട്ടായ്മകൾക്കും നന്ദി അറിയിക്കുന്നു. വരും ദിവസങ്ങളിലും നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും തുടരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

Name of the Account: Believers Relief Trust
SBAccount No. 40098837162
Bank: State Bank of India
Branch: New Delhi
IFSCode:SBIN0000691

## പ്രാർത്ഥനക്ക് നന്ദി

**ചെന്നൈ:** സിസ്റ്റർ ഫെബക്കും ബ്രദർ ബോണിക്കും വേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി, ഇരുവരും സുഖം പ്രാപിച്ചുവരുന്നു.

## പ്രാർത്ഥന അഭ്യർത്ഥന

**നാരങ്ങാനം:** കോഴഞ്ചേരി നാരങ്ങാനം കേന്ദ്രീകരിച്ച് നാലു വർഷം മുമ്പ് ഒരു സുവിശേഷ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. തുടക്കത്തിൽ ചില വീടുകൾ സന്ദർശിച്ച് സുവിശേഷം പങ്കുവെച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒരു ബൈബിൾ ക്ലാസ് ആരംഭിക്കുകയും തൽഫലമായി, നിരവധി ആളുകൾ സുവിശേഷം കേൾക്കുകയും രക്ഷ നേടുകയും ചെയ്തു. മൂന്ന് വീടുകളിൽ ബൈബിൾ ക്ലാസുകൾ ആരംഭിച്ചു. 2022-ൽ നാരങ്ങാനം ആലുങ്കൽ എന്ന സ്ഥലത്ത് 5500 രൂപ മാസവാടകയ്ക്ക് റോഡ് സൈഡിൽ ബെഥെസ്ദാ, ബ്രദറൺ ചർച്ച് എന്ന പേരിൽ വാടക കെട്ടിടം എടുത്ത് ഞായറാഴ്ചകളിൽ സഭായോഗം തുടങ്ങി. ഇപ്പോൾ ഏഴ് കുടുംബങ്ങളിൽ നിന്നുള്ള 16 പേർ ഞായറാഴ്ചകളിൽ കൂടിവരുന്നു. കൂടിവരുന്നത് പാവപ്പെട്ട വിശ്വാസികളായതിനാൽ മാസവാടക നൽകാൻ കഴിയാത്തതിനാൽ സഭയ്ക്ക് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും ആവശ്യമാണ്. 25 ലക്ഷം രൂപയുണ്ടെങ്കിൽ 5 സെന്റ് സ്ഥലം വാങ്ങി അതിൽ ഹാൾ നിർമ്മിക്കാം.

ആവശ്യം മനസ്സിലാക്കി സാമ്പത്തിക സഹായം നൽകുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമെന്ന് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

Name as in the Bank: Soman Pillai N & Wilson Koshy
A/c Number: 43245333066
IFS Code: SBIN0070069
Bank : State Bank of India
Branch: Naranganam

## സിസ്റ്റർ നിത്യ എബിക്കായി പ്രാർത്ഥിക്കുക

**യേർക്കാട്:** ഇവാ. എബി വേലായുധത്തിന്റെ ഭാര്യ സിസ്റ്റർ നിത്യ എബിക്കായി പ്രാർത്ഥിക്കുക. തൈറോയ്ഡക്ടോമിയുടെ ശസ്ത്രക്രിയയ്ക്ക് വിധേയയായിരുന്നു. ജൂലൈ 29, 30 തീയതികളിൽ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിൽ (ആർ സി സി) നിത്യ എബി നിരവധി പരിശോധനകൾക്ക് വിധേയയായി. ക്യാൻസർ കോശങ്ങളുടെ സാന്നിധ്യം ഡോക്ടർമാർ അറിയിച്ചു. ചികിത്സയ്ക്കും പൂർണ്ണവുമായ രോഗശാന്തിക്കായി ദയവായി പ്രാർത്ഥിക്കുക.

## സിസ്റ്റർ ലിസ്സി വർഗീസിനായി പ്രാർത്ഥിക്കുക

**ഉവൂർ:** സിസ്റ്റർ ലിസ്സി വർഗീസിനായി പ്രാർത്ഥിക്കുക. 2010 മുതൽ സഹോദരി തൈറോയ്ഡ് കാൻസർ ചികിത്സയിലാണ്. സർജറി ചെയ്ത ഭാഗത്ത് ട്യൂമറുകൾ കുറവാണെന്ന് ഡോക്ടർമാർ ഇപ്പോൾ കണ്ടെത്തുന്നു. 2024 ആഗസ്റ്റ് 26ന് (തിങ്കളാഴ്ച) തിരുവല്ലയിലെ ടി എം എം ഹോസ്പിറ്റലിൽ മറ്റൊരു ശസ്ത്രക്രിയ്ക്ക് വിധേയയാകും. ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാനും വേഗത്തിൽ സുഖം പ്രാപിക്കാനും പ്രാർത്ഥിക്കുക.

SATHYAM PUBLICATIONS
WE CARE FOR THE BODY & THE SOUL
ESTD: 1988
AVAILABLE ON
amazon
Visit sathyam publications
amazon store
for new collections
Check the link on description
Thottabhagom,Thiruvalla
www.sathyampublications.com
Phone:9447126182,9446513555

## എസ്. ബി. എസ്. സൗത്ത് ഡിവിഷൻ ക്യാമ്പ് പുത്തൻകാവ്

**പുത്തൻകാവ്:** എസ്. ബി. എസ് സൗത്ത് ഡിവിഷന്റെ ആഭിമുഖ്യത്തിൽ യഹോവ തന്നെ ആശ്രയമായിരിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വെച്ച് സെപ്റ്റംബർ 18 മുതൽ 21 വരെ ക്യാമ്പ് നടക്കും. ബ്രദർ ഡോ. കെ. സി. ജോൺസൺ, ബ്രദർ ബിനു ശാമുവൽ, ബ്രദർ പ്രമോദ് തോമസ്, ബ്രദർ റെജി കെ തോമസ്, ബ്രദർ ധർമ്മരാജ് ഗംഗാധരൻ, ബ്രദർ ഗോഡ്സൺ വാലയിൽ എന്നിവരാണ് ക്യാമ്പ് ലീഡേഴ്സ്. ഏകദേശം 8 ലക്ഷം രൂപ ക്യാമ്പിന്റെ നടത്തിപ്പിനായി ചെലവ് വരും എന്ന് കണക്കാക്കുന്നു. 500 ൽ അധികം കുട്ടികളെ ക്യാമ്പിലേക്ക് പ്രതീക്ഷിക്കുന്നു. ക്യാമ്പ് ഫീസ് ഉണ്ടായിരിക്കുന്നതല്ല. സ്ഥലം സഭകളുടെയും സഹോദരീസഹോദരന്മാരുടെയും സാമ്പത്തിക സഹായം കൊണ്ടാണ് ക്യാമ്പ് നടക്കേണ്ടത്.

## വൈ. എം. ഇ. എഫ്. നോർത്ത് വാളകം യൂണിറ്റ് ഏകദിന സമ്മേളനം

**നോർത്ത് പറവൂർ:** നോർത്ത് പറവൂർ ബ്രദറൺ സഭാഹാളിൽ 2024 ആഗസ്റ്റ് 20 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചക്ക് 1.30 മണി വരെ നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ എന്ന വിഷയത്തെ ആസ്പതമാക്കി ഏകദിന സമ്മേളനം നടന്നു. സു വി. ചാണ്ടപ്പിള്ള ഫിലിപ് കോട്ടയം വചന ശുശ്രൂഷ നിർവഹിച്ചു.

## ടീൻസ് & യൂത്ത് മീറ്റിംഗ്

**ചെറുകാട്ടൂർ:** സുവിശേഷകൻ ബാലസംഘം മലബാർ ഡിവിഷന്റെ ടീൻസ് & യൂത്ത് മീറ്റിംഗ് ആഗസ്റ്റ് 15 ന് ചെറുകാട്ടൂർ ബ്രദറൺ ചർച്ചിൽ നടത്തി. ബ്രദർ റെജി കെ. തോമസ് ക്ലാസുകൾ നയിച്ചു. മാറുന്ന ലോകത്തിൽ മാറാത്ത വിശ്വാസം എന്നതായിരുന്നു തീം.

## സുവിശേഷയോഗം ഏനാത്ത്

**ഏനാത്ത്:** ആഗസ്റ്റ് 9, 10 തീയതികളിൽ ഏനാത്ത് സിയോൻ ബ്രദറൺ ചർച്ചിൽ സുവിശേഷയോഗം നടത്തി. സുവി. ഷൈജു യോഹന്നാൻ, പൂയപ്പള്ളി, ബ്രദർ ജോബി ജോയി, മൈലപ്ര എന്നിവരായിരുന്നു പ്രസംഗകർ.

## സർട്ടിഫിക്കറ്റ് ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ്

**കോരപുത്:** കോരപുത് ഗോസ്പൽ ട്രെയിനിങ് സെന്ററിൽ സർട്ടിഫിക്കറ്റ് ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ് കോഴ്സിനായി ഇപ്പോൾ അപേക്ഷിക്കാം, ആറുമാസ കോഴ്സാണ്, ഒക്ടോബർ 1 ന് ക്ലാസുകൾ ആരംഭിക്കും. വിവരങ്ങൾക്കായി താഴെ തന്നിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.
സുജിത്ത് കുമാർ : 7978868463, രഞ്ജീത്ത്ബനിയ: 8917639349, ഉദിത്ത് കുൽദീപ്: 7735106562.

## ധ്യാനയോഗം

**പത്തനംതിട്ട:** പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ധ്യാനയോഗം ആഗസ്റ്റ് 10 ന് ശനിയാഴ്ച സുവിശേഷാലയത്തിൽ വച്ചു നടത്തി. റോമാ ലേഖനം, അദ്ധ്യായം-7 പ്രധാന ധ്യാന ഭാഗമായിരുന്നു.

## ഏകദിന ബൈബിൾ ക്ലാസ്

**അമരവിള:** ഒക്ടോബർ 2 ബുധൻ രാവിലെ 9.30 മുതൽ 1.30 വരെ അമരവിള ബ്രദറൺ അസംബ്ലി ഹാളിൽ "പരിജ്ഞാനത്തിൽ വളരുവിൻ" എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ബൈബിൾ ക്ലാസ് നടക്കും. സിസ്റ്റർ സുമി. ബ്രദർ സജീവ് വർഗ്ഗീസ് കോട്ടയം മുഖ്യ ശുശ്രൂഷകനായിരിക്കും. ഈ ശുശ്രൂഷയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ സെപ്റ്റംബർ 25 ന് മുൻപായി അറിയിക്കുക.

## ബ്രദറൺ കൺവൻഷൻ കുമ്പനാട്

**കുമ്പനാട്:**119-ാമത് കുമ്പനാട് ബ്രദറൺ കൺവൻഷൻ 2024 ഡിസംബർ 29 ഞായർ 6 മണി മുതൽ 2025 ജനുവരി 5 ഞായർ 1.30 വരെ കുമ്പനാട് കൺവൻഷൻ ഗ്രൗണ്ടിൽ വെച്ച് നടക്കും. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ ജയിംസ് എം. തോമസ്, ബ്രദർ സാമുവേൽ ബി. തോമസ്, ബ്രദർ തോമസ് ജേക്കബ്, ബ്രദർ വി. മാത്യു, ബ്രദർ ഡാനിയേൽ വർഗീസ്, ബ്രദർ പി. ജി. ജയിംസ്, ബ്രദർ സാം. കെ. ജോൺ, ബ്രദർ വർഗീസ് കുര്യൻ, ബ്രദർ വി. പി. പൗലോസ് എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും

## വുമൺസ് ക്യാമ്പ്

**പത്തനംതിട്ട:** പത്തനംതിട്ട ഗോസ്പൽ ഹാളിൽ സെപ്റ്റംബർ 16, 17 തീയതികളിലായി രാവിലെ 10 മുതൽ വുമൺസ് ക്യാമ്പ് നടത്തപ്പെടും. "ദൈവഭക്തിയാൽ അലങ്കരിക്കപ്പെടുക." എന്നതാണ് ക്യാമ്പിന്റെ തീം. സിസ്റ്റർ ബെറ്റി ജോൺ കുര്യൻ, കോട്ടയം, സിസ്റ്റർ ഷീബ സാം ചെറിയാൻ മധുരൈ, എന്നിവരാണ് ഈ വർഷത്തെ ക്യാമ്പ് ലീഡേഴ്സ്.

## സുവിശേഷകൻ ബാലസംഘം പുനലൂർ

**പുനലൂർ:** പുനലൂർ സെന്റർ സുവിശേഷകൻ ബാലസംഘത്തിന്റെ അടുത്ത ഏകദിനസമ്മേളനം 2024 ആഗസ്റ്റ് 26-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 3.30 വരെ പുനലൂർ, ചെമ്മന്തൂർ ബ്രദറൺ ചർച്ചിൽ വച്ച് നടത്തപ്പെടും. കിഡ്സിനായി സംഗീത മത്സരം, വേദപരിചയം, പ്രസംഗ മത്സരം എന്നിവ ഉണ്ടാകും.

## ഏകദിന സമ്മേളനം ശബരിമാങ്കൽ

**ശബരിമാങ്കൽ:** ശബരിമാങ്കൽ സെന്റർ സുവിശേഷകൻ ബാലസംഘത്തിന്റെയും വൈ. എം. ഇ. എഫിന്റെയും സംയുക്ത ഏകദിന സമ്മേളനം 2024 ആഗസ്റ്റ് മാസം 26-ാം തീയതി തിങ്കളാഴ്ച 9 മണി മുതൽ 3.30 വരെ കരിക്കാട് ഹെബ്രോൻ ബ്രദറൺ അസംബ്ലിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ പ്രോഗ്രാമിന്റെ വിജയകരമായ നടത്തിപ്പിനായും അനുഗ്രഹത്തിനായും പ്രാർത്ഥിക്കുന്നതിനോടൊപ്പം പ്രായഭേദമെന്യെ എല്ലാ സഹോദരി സഹോദരന്മാരെയും കുഞ്ഞുങ്ങളെയും ക്ഷണിച്ചു കൊള്ളുന്നു. സുവി. ജിജോ സി. ജോർജ്ജ് പുത്തൻകാവ്, സുവി. തോമസ് ജേക്കബ് കല്ലിശ്ശേരി എന്നിവരാണ് സമ്മേളനത്തിന്റെ ലീഡേഴ്സ്. ബ്രദർ ജോൺ മാത്യു മുരണിയുടെ നേതൃത്വത്തിൽ സംഗീത പരിശീലനവും ഉണ്ടായിരിക്കും.

## കുടുംബ സംഗമം

**വെള്ളോറ:** വെള്ളോറ ബ്രദറൺ സഭാഹാളിൽ ആഗസ്റ്റ് 26-ാം തീയതി രാവിലെ 9.30 മുതൽ 3.30 വരെ കുടുംബ സംഗമം നടക്കും. കുടുംബങ്ങൾക്കും, യുവജനങ്ങൾക്കും, കുഞ്ഞുങ്ങൾക്കും, പ്രത്യേകം ക്ലാസ്സുകൾ ഉണ്ടായിരിക്കും. ബ്രദർ ജോൺ ഏബ്രഹാം, ബ്രദർ ഗോഡ്സൺ വാലയിൽ, ബ്രദർ ബൈജു മാത്യു, ബ്രദർ ബിനു ജോസ്, ബ്രദർ സജോ വർഗ്ഗീസ്, ബ്രദർ ജോമി ജോസഫ്, ബ്രദർ സാമുവേൽ തോമസ് എന്നിവരാണ് ലീഡേഴ്സ്.

## പത്തനംതിട്ട ബ്രദറൺ കൺവെൻഷനു വേണ്ടി പ്രാർത്ഥനായോഗം

**പത്തനംതിട്ട:** ദൈവഹിതമായാൽ പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിലും പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിലും 2024 ഡിസംബർ 22 ഞായർ മുതൽ 29 ഞായർ വരെ നടത്തപ്പെടുന്ന കൺവെൻഷന്റെ അനുഗ്രഹത്തിനായുള്ള പ്രാർത്ഥനാ യോഗം ജൂലൈ 28ന് ഞായറാഴ്ച 3.30 പി.എം. മുതൽ പരിയാരം സഭയുടെ ചുമതലയിൽ സഭാ ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. അന്നേ ദിവസം സുവിശേഷകൻ കെ. എ. ജോർജ് ദൈവവചന ശുശ്രൂഷ നിർവഹിക്കും.

## പ്രാർത്ഥനാ സമ്മേളനം നടത്തി

**കുമ്പനാട്:** വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷന്റെ ചുമതലയിലും കുമ്പനാട് ബ്രദറൺ അസംബ്ലിയുടെയും വൈ. എം. ഇ. എഫ്. കുമ്പനാട് സെന്ററിന്റെയും സഹകരണത്തിലും ജൂലൈ 28 ഞായറാഴ്ച കുമ്പനാട് ബ്രദറൺ അസംബ്ലി ഹാളിൽ വച്ച് പ്രാർത്ഥനാ സമ്മേളനം നടത്തി. കൂടിവരവിൽ സഹോ. തോംസൺ ബി. തോമസ് (മുംബൈ) വചനശുശ്രൂഷ നിർവ്വഹിച്ചു.

## മലബാർ കർത്തൃ ശുശ്രൂഷക സമ്മേളനം

**കോഴിക്കോട്:** 2024 ഒക്ടോബർ 9 മുതൽ 11 വരെ കോഴിക്കോട് ബ്രദറൺ സഭാഹാളിൽ വെച്ച് മലബാർ കർത്തൃ ശുശ്രൂഷക സമ്മേളനം നടക്കും. ഡോ. കെ. സി. ജോൺസൺ- മാവേലിക്കര, ബ്രദർ വി. വി. പൗലോസ്- എറണാകുളം എന്നിവരാണ് പ്രധാന ശുശ്രൂഷകൻ.

## ദൈവ വചനപഠനം

**പുളിക്കീഴ്:** തിരുവല്ല ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റും പുളിക്കീഴ് ബ്രദറൺ സഭയും ഒരുക്കുന്ന വചന വിരുന്ന് ആഗസ്റ്റ് 15, 16, 17 തീയതികളിൽ പുളിക്കീഴ് ബ്രദറൺ സഭാഹാളിൽ നടന്നു. സുവി. ഷനു സാമുവേൽ അടൂർ ദൈവചനപഠനം നയിച്ചു.

## പാമ്പാടി ക്രൂസേഡ്

**പാമ്പാടി:** പാമ്പാടി കമ്മ്യൂണിറ്റി ഹാൾ മൈതാനിയിൽ ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ സുവിശേഷ പ്രഘോഷണവും സംഗീത സായാഹ്നവും നടക്കും. സുവി. കെ. വി. തോമസ്, സുവി. ജോയ് ജോൺ, സുവി. അജോയ് മാത്യു, സുവി. ബിജു ആലടി എന്നിവർ സന്ദേശം അറിയിക്കും.

## ഏകദിനസമ്മേളനം

**വടക്കൻചേരി:** വടക്കൻചേരി ബ്രദറൺ സഭാഹാളിൽ ആഗസ്റ്റ് 28-ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ 4 വരെ എസ്. ബി. എസ് പാലക്കാട് സെന്ററിന്റെ ഏകദിന സമ്മേളനം നടത്തപ്പെട്ടു. സുവി. ബ്രദർ സജു ജോൺ കാലേബ്, പീരുമേട്, ബ്രദർ സുവി. ബൈജു മാത്യു പാലക്കാട്, ബ്രദർ സുവി. ഡെൻസിൽ സാമുവേൽ, നെല്ലിമേട് എന്നിവരാണ് ഏകദിന സമ്മേളനത്തിന്റെ ലീഡേഴ്സ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ബ്രദർ ജോസഫ് പി.-9562158701, ബ്രദർ ജെറോം പി. കെ.-8111940139, ബ്രദർ സാമുവൽ വർഗ്ഗീസ് -9496515089




SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.08.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26


അക്ഷരത്തിലൂടെ ആത്മാക്കൾ

## ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തെ വികലമാക്കി പാരീസ് ഒളിമ്പിക്സ്



**പാരീസ്:** ഒളിമ്പിക്സ് ഉദ്ഘാടനത്തിന്റെ ഭാഗമായുള്ള കലാപ്രകടനത്തിൽ ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തെ വികലമായി ചിത്രീകരിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തു. 'ക്രിസ്ത്യാനികൾക്കെതിരായ ആക്രമണം നിർത്തുക' എന്ന മുദ്രാവാക്യവും സ്റ്റിക്കറും പതിച്ച വാഹനം 'തോക്കിൻ മുനയിൽ' തടയുകയായിരുന്നു പോലീസ്. സിറ്റിസൺഗോയി ലെ ആറ് അംഗങ്ങളോടും ബസ് ഡ്രൈവറോടും പോലീസ് അപമാനകരമായ രീതിയിലാണ് പെരുമാറിയ തെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അന്താരാഷ്ട്ര ഒളിമ്പിക്സ് കമ്മിറ്റി അധികാരികളുടെ മുന്നിൽ പ്രതിഷേധം അറിയിച്ചും വിശ്വാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തിനായി ആഹ്വാനം ചെയ്തും 384,000- ത്തിലധികം ആളുകൾ ഒപ്പിട്ട വെബ്സൈറ്റിലെ നിവേദനവും ബസിൽ പരസ്യപ്പെടുത്തിയിരുന്നു. ഒളിമ്പിക്സ് ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിനിടെ ക്രിസ്തുവിന്റെ അന്ത്യഅത്താഴത്തെ അവഹേളിച്ച് നടത്തിയ അവതരണത്തിൽ പ്രതിഷേധം അറിയിച്ച് അമേരിക്ക ആസ്ഥാനമായ മൊബൈൽ, ഇന്റർനെറ്റ് കമ്പനിയായ സിസ്പയർ ഒളിമ്പിക്സിലേക്ക് നൽകിയ തങ്ങളുടെ എല്ലാ പരസ്യങ്ങളും പിൻവലിക്കാൻ തീരുമാനിച്ചു. അന്ത്യ അത്താഴത്തെ പരിഹസിച്ചുള്ള അവതരണം തങ്ങളെ ഞെട്ടിച്ചുവെന്നും തങ്ങളുടെ പരസ്യങ്ങൾ ഒളിമ്പിക്സിൽ നിന്ന് പിൻവലിക്കുമെന്നും മിസിസിപ്പി ആനസ്ഥാനമായുള്ള കമ്പനി എക്സിൽ പങ്കുവെച്ച കുറിപ്പിലൂടെ അറിയിച്ചു.

ഒളിമ്പിക്സിലെ ക്രൈസ്തവ അവഹേളനത്തെ അപലപിച്ച് ഇതര ക്രൈസ്തവ നേതാക്കളും മനുഷ്യാവകാശ പ്രവർത്തകരും വത്തിക്കാനും നേരത്തെ രംഗത്ത് വന്നിരുന്നു. മാത്രമല്ല ലോക കായികമേളയിലെ ക്രൈസ്തവ അവഹേളനത്തിനെതിരെ യൂറോപ്യൻ കമ്മീഷനു യുഎന്നിനും ഏറെ പരാതിയും ലഭിച്ചിച്ചുണ്ട്.




## മാങ്കുളം മിഷൻസ്



**മാങ്കുളം:** ഇടുക്കി ജില്ലയിലെ മാങ്കുളത്ത് 2005 മുതൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംഘടനയാണ് മാങ്കുളം മിഷൻസ് ബ്രദർ അരുൺ കെ. പോൾ, ബ്രദർ കോശി. കെ. പോ ൾ, ബ്രദർ ബിനു ബേബി എന്നിവർ പ്രവർത്തനങ്ങൾ ചെയ്യുന്നു.

2014ൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 11 കുട്ടികൾക്കായി മാങ്കുളം പഞ്ചായത്തിൽ ഒരു സ്കൂൾ മിനിസ്ട്രീ ആരംഭിച്ചു. സാമ്പത്തിക പ്രതിസന്ധികളും നിയമത്തിന്റെ നൂലാമാലകളും കാരണം പ്രവർത്തനങ്ങൾക്ക് പ്രയാസം നേരിട്ടിരുന്നു.

ആ സമയത്ത് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി മാങ്കുളത്ത് എത്തിയ ദമ്പതികളായ ഡോ. ജോ ണും, ഡോ. വിമല ജോണും ഈ സന്നദ്ധ പ്രവർത്തനങ്ങളിൽ വാപൃതരാകുകയും സ്കൂളിനായി രണ്ടര ഏക്കർ സ്ഥലം വാങ്ങി അവരുടെ സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഒരു സ്കൂൾ പണിതു.

കുട്ടികൾ 70 കിലോമീറ്ററോളം യാത്ര ചെയ്ത് വേണം സ്കൂളിലെത്താൻ, സാമ്പത്തിക ഭദ്രതയില്ലാത്ത കുടുംബങ്ങളാണ് കൂടുതലും. ഈ സ്കൂൾ അത്തരത്തിലുള്ള കുട്ടികൾക്കൊക്കെ സഹായകരമാണ്.

ഒരു വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതിന് ഏറെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതായുണ്ട്. ഗവർണമെന്റിന്റെ NOC സർട്ടിഫിക്കറ്റ് സി. ബി. എസ്. ഇ സിലബസ് ബോർഡ് അഫിലിയേഷനും കരസ്ഥമാക്കണം. കഴിഞ്ഞ വർഷം അഫിലിയേഷനുവേണ്ടി അ പേക്ഷിച്ചുവെങ്കിലും ലഭിച്ചിരുന്നില്ല. അധികൃതർ ആവശ്യപ്പെടുന്ന മാനദണ്ഡങ്ങൾ പൂർത്തികരിക്കേണ്ടതായുണ്ട്. പുതുക്കിയ കെട്ടിടം, ബൗണ്ടറി വാൾ, പാരപ്പറ്റ്, വാൾ, 45 കമ്പ്യൂട്ടറുക ൾ, വീഡിയോ പ്രൊജക്ടറുകൾ, ലാബ് ഫർണിച്ചറുകൾ, റിക്രിയേഷൻ റൂമുകൾ, സ്റ്റാഫുകൾ എന്നിവയൊക്കെ ആവശ്യമാണ്.

ഇപ്പോൾ 250 കുട്ടികൾ ഇവി ടെ പഠിക്കുന്നത് അതിൽ 125 കുട്ടികൾക്ക് സ്പോൺസർസിനെ ആവശ്യമാണ്. ഈ സൽപ്രവർത്തിയിൽ പങ്കാളികളാവാൻ ബന്ധപ്പെടുക.

Address:Gospel Missions & India, PO Box 1043
Warren MI 48090-1043
Website:www.gospelmi.org



## ജോർജ് കോശി വീണ്ടും ടി.എം.എം. ആശുപത്രി ചെയർമാൻ

**വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി**

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ.. തികച്ചും സൗജന്യമായാണ് ഈ പി.ഡി. എഫ് ലഭ്യമാകുന്നത്. +91 9447126182, +91 9446531555

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.